KELAPPAJI COLLEGE OF AGRICULTURAL ENGINEERING & TECHNOLOGY, TAVANUR



# രണാന്തരം

*The world in war*

INQUILAB Students' Union 22-23


സ്വാർത്ഥം
ആരുടെയൊക്കെയോ
സമാധാനം ഇല്ലാതാക്കി
മറ്റാർക്കൊക്കെയോ
സന്തോഷം നേടാനുള്ള
ഒരു വിരോധാഭാസം.



രണാന്തരം



ജനിച്ചു വീണവർ പിന്നെ രണ്ടായി
മൂന്നായി, ഒരു കൂട്ടമായ്  കൂടിയവർ
വാസമുറപ്പിക്കെ നീണ്ടനാൾ കഴി
ഞ്ഞാ ചിന്തയുദിച്ചു അത്
നിന്റെയെന്നോ ഇത് എന്റെയെന്നോ
ഇതിലേത് നമ്മുടെയെന്നോ?

ചിന്തകൾ ചർച്ചകളായ്, ചർച്ചകൾ
തർക്കങ്ങളായ് ഒടുവിൽ
പരിഹാരമൊന്നുതന്നെ..

"യുദ്ധം"



പിന്നീട് കൂട്ടം ദേശമായ്,
ദേശങ്ങൾ രാജ്യമായ് ,
രാജ്യങ്ങൾ ഭൂഖണ്ഢങ്ങളായ്,
മണ്ണും മനുഷ്യനും വിഭജി
ക്കപ്പെട്ടുകൊണ്ടേയിരുന്നു.
യുദ്ധങ്ങൾ വളർന്നതിൽ തന്ത്ര
ങ്ങൾ ജനിച്ചു.. വാളും പരിച
യുമായ് മനുഷ്യൻ മനുഷ്യനെ
വധിച്ചു.
കാലം കുതിക്കവെ യുദ്ധങ്ങൾ
തൻ രൂപവും മാറി ;
ഭാവം ഒന്നുതന്നെ !


PEACE STREET? IT MUST BE THIS ONE...


AFGHANIS-THAN
SYRIA
IRAQ
LIBYA
NIGERIA
UKRAINE
N·KOREA
HUMAN RIGHTS
INNOCENT CIVILIANS
!!

ചോര കലങ്ങിയ കണ്ണുകൾ
രക്തം പൊട്ടിയൊലിക്കുന്ന തലയോട്ടികൾ
കത്തിയെരിയുന്ന ജഡം കൂമ്പാരങ്ങൾ
കാഹളം മുഴക്കിയാ വെടിയൊച്ചകൾ
കാവലായ് പ്രതികാര ദാഹിയാം ബിംബങ്ങൾ
സാക്ഷിയായ് മനുഷ്യത്വം മരവിച്ച ഭൂമി....



സമൂഹം എന്ന സങ്കൽപ്പം യാഥാർത്ഥ്യമാകുന്നതിനെത്രയോ മുമ്പു തന്നെ യുദ്ധതന്ത്രത്തിന്റെ വേരുകൾ ഉടലെടുത്തിട്ടുണ്ട്. കാലചക്ര ത്തിന്റെ  ഉദയം മുതൽക്കെ തുടങ്ങയില്ലേ മണ്ണിനും മതത്തിനും നില നിൽപ്പിനും അഭിമാനത്തിനും വേണ്ടിയുള്ള ഈ അക്രമപോരാട്ടങ്ങൾ. കല്ലുരച്ച് തീ പടർത്തിയ നേട്ടത്തിൽ തുടങ്ങി ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ യന്ത്രവത്കൃത യുദ്ധങ്ങൾ വരെ ഒരു കൂട്ടം ജീവനുക ളുടെ ഹത്യയിലേക്കല്ലാതെ മറ്റെന്തിലേക്കാണ് വിരൽ ചൂണ്ടന്നത് !.

കാലം കരുതിവച്ച "രണപാഠങ്ങളുടെ" ഒരു ഉൾകാഴ്ചയാണ് **രണാന്തരത്തിലെ** താളുകൾ.



| ചൈതന്യ വിജയൻ
സ്റ്റുഡന്റ് എഡിറ്റർ



I Hafiza Naaz
38th batch

# Unending Hate : A Closer Look at Israel-Palestine Conflict

Where will we bury all this hate? And even if we do won't they just grow back to be weapons of mass destruction? Aren't these waging wars around us just a culmination of the hate buried before. History bears the biggest witness that at the end of each war all that could be found is endless pain and tyranny. It is a truth which we must learn to accept that the same fate awaits Israel and Palestine. Though it looks as if the war broke out by the sudden attack on Israel by hamas on 7 October 2k23 and the subsequent declaration of war on Palestine by Israel that is simply not the case,further scrutiny will point out that this conflict dates back to the end of the nineteenth century, on 1947 to be more specific,when the United Nations adopted Resolution 181, known as the Partition Plan, which sought to divide the British Mandate of Palestine into Arab and Jewish states which would later alter the course of the future of Palestinians into an blood stained one. Fast forward to nearly seven decades today the whole world seems to be divided by the doubt of whose side to stand with Israel or Palestine? But little do they know the decision has already been made, the decision has already been made by each nation's leaders as per their commercial relations with the world powers.

What we are witnessing before us is a genocide which has been sealed approved by some of the world's highest powers while organizations such as UN are forced to become mere spectators of their great performance. And whilst their performance the applause they yearn to hear is the screams of innocent civilians whose lives are being taken away like material things by the gigantic guns and the nightmare evoking missiles.

To understand more about the war it is quite essential to glance upon the history which caused it. From 1517 to 1917, the Ottoman Empire ruled over much of West Asia including the region of Israel.In the 19th century, the population in the region of Israel/Palestine was almost 87% Muslim, 10% Christian and 3% Jewish. From all accounts, the communities lived in peace with each other. During the early twentieth century the idea of a free jewish land was placed in the heads of the crucified jewish population all over the world ,and as for them they couldn't find a better place than the land surrounding the holy Jerusalem. This notion was supported by the cunning British who had earlier promised the Arabs control over Palestine if only they defeated the Ottoman Empire. Furthermore the British, after the First World War, established a colony in Palestine maintaining that they would rule the area until the Palestinians were ready to govern themselves.

The jews who were settling in Palestine in hopes of an invasion saw this as an invitation and this caused an increased influx of jews onto Palestine. In 1920s and 1930s, the Jewish population in Palestine increased by hundreds of thousands, facilitated by the British who were honouring the Balfour Declaration. But things became worse during May 1948,when Israel was declared an independent state with David Ben Gurion as the Prime Minister. This meant war for the Arab nations which led to the Arab - Israeli war in the same year. In the coming decades Israel and Palestine would witness many such wars. In 1987, there was an uprising of Palestinians against the Israeli occupation of Gaza and the West Bank which was known as Intifada which is the Arabic word for 'shaking off'. Hundreds of people were killed during the first intifada and it came to an end owing to the Oslo accords. Subsequently there was second intifada which was way more bloodier than the first in 2000. Yet the plight of Palestinians was nowhere near its end,which is when Hamas, a Sunni Islamist militant group won the elections in Palestine in 2006, unlike Fatah the previous organization which had control over Palestine,Hamas was way more savage. Hamas has been fighting with Israel with particularly significant battles in 2008, 2012 and 2014.Today the West Bank originally belonging to Palestine is forcefully occupied by Israel and the remaining portions of Palestine



are being slowly engulfed by the Israeli settlers hoping to cleanse Palestine from its rightful owners and to slowly erase Palestinian history and it's legacy in the future

To the world Israel -Palestine war may just seem like an adversity humanity has to go through. But that's not the case of the residents of the war inflicted region, for them every day is a struggle where kids are robbed of their childhood, parents are forced to bury the bodies of their children along with their hopes and dreams and their fragile sanity hangs at the edge of their prayers and a hope for a better dawn. The play grounds there are filled with the remnants of kids trapped under the war debris, and they have more graveyards than serene homes. The Israel- Hamas war has killed nearly 15,000 people as of now, and in the current scenario the death toll is likely to rise to an even more unprecedented level as neither Hamas nor Israel shows any signs of remorse. Maybe this raging fire may cool down but still it won't be the end, because even if the blood bath may be over the seeds of hate have already been sown in the minds of the young generation of both countries, whose lives, families and hopes have been reduced to rubbles. And some unsuspecting dawn we might rise awake to the tales of their gory attacks on the world which took away everything they owned and the cycle will go on and on,which brings us back to the question "where will we bury all this hate? And even if we do won't they just grow back to be weapons of mass destruction? ....."



# തോൽക്കുന്ന വിജയികൾ

| Sreejith T
39th batch

രാജ്യങ്ങൾ തമ്മിലും രാജ്യങ്ങൾക്കകത്തും പുറത്തും നിരന്തരം യുദ്ധങ്ങൾ. ഒരു ജനത അനുഭവിക്കേണ്ടിവരുന്ന ഏറ്റവും ദുഷ്കരമായ അവസ്ഥ. കൂടും കുടുംബവും വിട്ട് രാജ്യത്തിനായി ബലി ചെയ്യപ്പെടുന്നു .ആ ബലിയോടുകൂടി ഒരു കുടുംബം മുഴുവനായും അനാഥമാക്കപ്പെടുന്നു. അങ്ങനെ എത്ര കുടുംബങ്ങൾ എണ്ണിയാൽ ഒടുങ്ങാത്ത മനുഷ്യർ. വെട്ടിപ്പിടിക്കാനും പക വീട്ടാനുമായി ഇറങ്ങിപ്പുറപ്പെടുന്ന ഓരോ രാജ്യങ്ങൾ കണ്ണീരും രക്തം വാർന്നൊഴുകുന്ന ശരീരവുമായി തിരികെ അടുക്കുന്നു. ഇത് പരാജയപ്പെട്ടവരുടെ കഥയല്ല ജയിച്ചവർക്കും പറയാനുള്ളത് ഇതുതന്നെ.

യുദ്ധം ഒരിക്കലും വിജയം സമ്മാനിക്കുന്നില്ല വിജയിച്ചവനുപോലും! പിന്നെ പരാജയപ്പെട്ടവരുടെ കഥ പറയേണ്ടതില്ലല്ലോ.റഷ്യയും ഉക്രെയിനും പാലസ്തീനും ഇസ്രയേലും അങ്ങനെ ഒട്ടനവധിയുദ്ധങ്ങൾ എന്നു തീരുമെന്ന പ്രത്യാശയിൽ ഓരോ കുടുംബവും ഓരോ ദിനവും തള്ളിനീക്കുമ്പോൾ കഴിഞ്ഞതിനും ഇരട്ടിയായി പ്രഹരമേൽപ്പിക്കാൻ പ്രതിയോഗികൾ പരാക്രമം കാണിക്കുന്നു. മുൻപ് നടന്ന യുദ്ധങ്ങളെല്ലാം നമുക്ക് പാഠങ്ങൾ നൽകിയതാണ് എന്നിട്ടും യുദ്ധവെറി മാറാതെ വീണ്ടും വീണ്ടും മുറിവുകൾ ഏൽപ്പിച്ചു കൊണ്ടേയിരിക്കുന്നു.

ഇന്നും മനുഷ്യന് മനുഷ്യനെ മനസ്സിലാവുന്നില്ല. അവൻറെ വേദനയോ വിഷമമോ ഒന്നും. പരസ്പരം വേദനിപ്പിച്ച് ആനന്ദം കണ്ടെത്തുന്ന മനുഷ്യൻ മൃഗങ്ങളെക്കാൾ മൃഗീയമായി തീരുകയാണ്. യുദ്ധം തരുന്ന അനന്തരഫലങ്ങൾ ചെറുതല്ല .ഇതൊന്നും ആർക്കും അറിയാഞ്ഞിട്ടല്ല .എല്ലാം അറിഞ്ഞിട്ടും ഒന്നും അറിയാത്ത പോലെ അഭിനയിച്ചിട്ടാണ്. ഈ അഭിനയം തീരുന്നിടത്ത് സമാധാനം വന്ന്ചേരും.

ഈ ലോകം നശിക്കുന്നത് ദുഷ്ടരുടെ
നീചകൃത്യം കൊണ്ടല്ല
നല്ല മനുഷ്യരുടെ നിശബ്ദത കൊണ്ടാണ്.

ഇനിയും ഈ നിശബ്ദത തുടരാതിരിക്കട്ടെ .

യുദ്ധങ്ങളെ ഇനിയും നിന്നെ
ഞാൻ ആശ്ലേഷിപ്പിക്കില്ല.
ഞങ്ങളുടെ വിജയം
നിൻറെ അസാന്നിധ്യം ആകട്ടെ....



Navya G
37th Batch




# HERE IT CEASES

On that raging field, roared his artillery ;
Spinning its way on fort walls and more ;
Stabbing the lives behind , bearing utmost fury
Oh! did the gore, hoist the scarring sore
Chest puffed out wide, eyes gleaming with pride.
Stamped he hard on the scattered ground,
Soon did the laugh of victory ruthlessly collide
With screaching cries of pain and wound.

Among them rose the weep of a tender tot;
A side long glance unlatched the boiling inside;
Slowly magnified the teeny silhouette ;
Lacking an arm that squirted blood outside.
Eyes were the pool of tears
Frame, a source of reddy blood;
Mind, knows nothing but share of scares;
The sprog reflected aching truth of the World!

“ Oh dear ! I won, I won, I won !
Isn’t it great ? annihilation of all foes
No more my mind tramples on
All my people are triumphant souls!
Won my land, won my race, won my fate
Won my wealth, won my creed, won my fort
Won my god, won my child, won my swathe
Won the entirety of my worldly sort !

Yet I , be the pinnacle of defeat
Shameless, ruthless and heartless mortal
I choped off your hand and feet
and bathed in the blood of the fatal “
Wore him, a smile of mystery
Slithering the sword along the gorge
“ Here I go in this unholy glory,
Ah, this conquest tastes like morgue “





# *AN UNHINGED PARADOX*

**Aksa Elizabeth Jose**
**37th batch**

Placing my right leg on the table in front of me and resting on the sofa , I was going through all the boring visions that were offered by various channels .Life was so hard and dull , I thought. But my thoughts were interrupted by a bell on the door .

‘Edward open the door ‘ my mom said while feeding my sister Anna . ‘Ask Harry ‘ I replied with more enthusiasm. My elder brother was doing some good for nothing electronic repairs. ‘Edward Williamson Cooper, this is an order ‘she raised her voice this time and I respectfully ignored that.

My mom was a lovely woman but sometimes she was a monster. Finally my mom with Anna in her hands shot glares at me and opened the door. The hum of happiness filled our hall when the door opened revealing the silhouette of a soldier. ‘Dad’ me and my siblings said uniformly and the weight of separation lifted as we had a family hug. He was back home after 6 months.

We had a peaceful dinner and as we gathered in hall my father shared his experiences. A somber atmosphere enveloped in the hall . We listened him with a mix of pride and concern etched on our faces absorbing the gravity of his words. The hall fell silent at another bell . My father approached the door and received a letter from the man who was dressed up as a soldier.

A collective gasp escaped as my father read the letter. My father had to return to the frontlines but that was not it , me and my brother were also called for duty. I was not even 16 and most importantly I was not ready but I knew I had no choice. My brother and I exchanged glances ,our unspoken understanding echoing the call of duty. We had to leave at the very moment.The darkness was cloaked in silence as we stood there. My mom was trying so hard to be brave. Tearful goodbyes lingered in air as we hugged our mother and little sister one last time. I looked up at my father who had no emotions and then at the soldier whom we should follow through the unknown shadows with unwavering purpose. The frontline had an ominous aura, and my brother and I underwent rigorous training, a mere precursor to the reality that awaited us. A week later, me and my brother were struck with devastating news of my father’s death. I wish I was there for him, to protect him, I’m failed as a son .



But we had to go on . As we enter the battle field, we could see the air was thick with the sinister scent of gunpowder. In the blink of an eye I see my brother being victim to the merciless dance missiles. I had a hard time comprehending what happened. I couldn't even imagine the pain my mother would go through knowing both her son and husband is no more.

I was not even allowed to mourn , too much to ask from a 15 year old boy.Anger and hunger gnawed at my insides, injuries throbbed, yet the relentless push forward remained. Before my very eyes, I became a messenger of death, taking lives of those who begged for their existence. The weight of their curse and pleas lingered as a haunting memory.

Months passed, victory claimed but at what cost. In the aftermath, my country stood tall,but I was left as a broken reflection, the cost of victory woven in the ruins of my own being.I was send back home as soon as the war was over . There was no one waiting for me at home. As I approached the place I once called home, the destruction unfolded before my eyes . The shattered remnants of what was once a heaven now lay scattered, a heartbreaking scene that was gifted by the very enemies of our country.


The neighborhood situation was nothing great. The haunting silence screamed of the memories , memories of a happy family . Overwhelmed by grief, I sank to my knees, the weight of my whole family's death crushing me as I cried out to the heavens. And I could see bright stars laughing at me, might be mocking my destiny..........

They shined so bright. It was ripping my eyes apart.''Mr prime minister'' someone called me. I opened eyes to the source of bright light held by a person named Stephan that's what I could see on his uniform. Who is he? What is he doing here?Where am I ? I had a thousand questions to ask. That's when I came back to my senses .

The impact of realization intensified when I came to know my real identity ,I was Edward Williamson Cooper, the prime minister of my nation. I came here to attend a conference organised by United Nations to discuss regarding the war .The new found mechanism to stop the war was an intricate simulation made using data science technology.

During this simulation , I experienced the raw, real pain endured by ordinary individuals during times of conflict. But in real world all those things I experienced was just stimulated, I was Edward but my father was never a soldier , I never had a brother or a sister and my mom was never so loving .I stood alongside my prime rivals, who were also subjected to simulation and looks confused as well.

''Mr prime minister we are really sorry for bringing you to this simulation,but we had no other choice to make you understand that war begets neither peace nor happiness, it brings complete destruction. Hope you make a judicious decision that prioritise harmony.'' And Stephan left without any other word . I'm sure that's what he told my rivals too. This shall face consequences I made a note in my mind. Confusion clouded my thoughts as I fumbled with deciding my next move. The surreal events left me in disbelief; I had just lived an alternate life as a civilian. Despite my strength and earned titles, the profound impact of the simulation lingered in my mind I usually conquered simple human emotions but now it seems different. I couldn't shake the reality of families like I had in simulation and the pain i endured. A dilemma unfolded within me, urging a choice that would further shape a new future. A new future that I could decide .



# आज

I Ganga S Biju
38th batch

मत भाग रे मनुआ दुनयिा के पीछे
यह उलटे रंग दखिाती है
उल्टा पुल्टा करती है सब
यह उल्टी गंग बहाती है
इसकी चालें कोई समझ न पाए
इसके पेचे में हर कोई फंस जाए
देखने में यह मनमोहक बहुत है
झट से बगुला भगत बन जाए
तुम कहते कुछ और सुनती कुछ और है यह
तुम बोलो कछु और बतलाती कुछ और है यह
तुम सोचो कछु और समझती कुछ और है यह
देखने में सीधी-सादी परन्तु बहुत ही शातुर है यह
भूले भटकों को मार्ग दखिला कर
गरिगिट की भांत रिंग बदलती है
खामोश रहो तुम उलटा सीधा सोचती है

कुछ ग़र बोलो तुम तब सौ बातें बनाती है
यह दुनयिा बड़ी ही काफ़रि है
न ग़ाफ़लि होने देती हैं
न मुकम्मल बनने देती है
यह ऐसी सरगम छेड़ती है
त त तथैया का नाच नचाने लगती है
इसीलएि तो कहते हैं हम
इसकी चाल बाज़ीयों से बच कर रहो
यह उल्टा पाठ पढ़ाती है
तुम कुछ अच्छा करो यां अच्छा कहो
यह उलटा राग अलापती है
कयिोंक यिह तो उल्टी गंगा है
उलटी गंग बहाना जानती है
बस उलटी गंग ही बहाना जानती है





# വിലങ്ങുകൾ

ഇരുൾ മൂടിയ ലോകം ഉറങ്ങുകയാണ്.
നിലാവും നിഴലും എത്തി നോക്കിയില്ല.
നനുത്ത കാറ്റും സംഗീതം ആലപിച്ചില്ല.
പൂക്കളോ പരിമളം പൊഴിച്ചില്ല.

ഉറങ്ങുകയാണ് സ്മൃതിമണ്ഡലങ്ങൾ
വിസ്മൃതിയുടെ ഹസ്കങ്ങളിൽ കിടന്നുഴലുകയാണ്,
നീതിയുടെ കരങ്ങൾക്ക് ചങ്ങലക്കെട്ടുകൾ വീണു
പിടയുന്ന ആത്മാക്കളെ കൊഞ്ഞനം കുത്തുന്ന
വശ്യമാർന്ന പുഞ്ചിരി മറയുകയാണ്.

നശ്വരമാർന്ന ചുറ്റുവട്ടങ്ങൾ കറങ്ങുന്നു.
ആർത്തനാദങ്ങൾ ഉയർന്നു പോങ്ങുമ്പോൾ
ആനന്ദനൃത്തം ചവിട്ടുകയാണ്.
മാനവികത മരിച്ചുവീഴുന്നിവിടെ.

ആരും ആരെയും അറിയുന്നില്ല.
എവിടെയാണിറ്റു സ്നേഹം ലഭിക്കുക.
അദൃശ്യകരങ്ങളുടെ തലോടലമ്മയും ഉറങ്ങുകയാണ്.
സ്വപ്നങ്ങൾ കത്തിയമരുമ്പോൾ
ആരാണൊന്ന് പുഞ്ചിരിക്കുക.

ശൂന്യത തളം കെട്ടിയ ഇന്നിനി
ആരാണ് ഒത്തിരി സൗഹൃദം തരിക.
ആത്മാവ് നിറച്ച് സംഗീതമുണ്ട്
ആരാണോന്ന് ശ്രവിക്കുക.

ആധുനികതയുടെ മണി സൗധങ്ങൾ
ഉയർന്നുപൊങ്ങുമ്പോൾ
തകർന്നടിയുകയാണ് മനസ്സും ശരീരവും.
നിർവചനം നഷ്ടപ്പെടുന്ന പദങ്ങളും

സ്നേഹം സൗഹൃദം മാനവികത
എല്ലാം അന്യമാകുമ്പോഴും
ഉറങ്ങുകയാണൊ നിഴലെ!
നിലാവേ നീയുറങ്ങുകയാണോ!

**I Hiba Fathima**
**38th batch**

# നിറമിഴികളും നീലതാമരയും...

**Vivek U S**
**36th batch**

സമയം സന്ധ്യയോടടുക്കുന്നു. ദൂരെ എവിടെയോ പുള്ളുവൻ പാട്ട് കേൾക്കാം.ഉമ്മറത്തു തെളിയിച്ചു വച്ച വിളിക്കിനു മുന്നിൽ അവൾ നാമം ജപിക്കാൻ ഇരുന്നു.

'നാളെ പരിക്ഷ ഉള്ളതാ... ഈശ്വരാ രക്ഷിക്കണേ...'

അതൊരു വേനൽ കാലത്തിന്റെ തുടക്കമായിരുന്നു. കൊല്ലവർഷ പരീക്ഷ അവസാനിക്കാൻ പോകുന്നു. ഇനി അവൾ ആറാം ക്ലാസിലേക്ക് കടക്കുകയാണ്. കുട്ടിക്കളിയും കുറുമ്പും ഒന്നും വിട്ടുമാറിയിട്ടില്ല ഇനിയും. എന്നും സന്ധ്യയായാൽ അവൾ അപ്പൂപ്പന്റെ വരവും കാത്ത് ഉമ്മറ പ്പടിയിലിരിക്കുന്നുണ്ടാകും. അപ്പൂപ്പൻ കൊണ്ടുവരുന്ന പലഹാരപ്പൊതികൾ എന്നും അവൾക്കേറെ ഇഷ്ടമാണ്. കരിനീല മിഴികളാൽ പ്രസാദ പൂർണ്ണമായ അവളുടെ സുന്ദരമുഖം ചുവന്നു തുടുക്കാറുണ്ട് ചിലപ്പോഴൊക്കെ, അപ്പൂപ്പന്റെ അലസത കാരണം.

'ഇന്നും മറന്നോ!?...' വേണ്ട, അമ്മുനോട് മിണ്ടണ്ട !!

പിണക്കം മാറ്റാൻ പിന്നെ കുറച്ചു പാടാണ്. അവൾക്കറിയില്ലല്ലോ ആ മനുഷ്യന്റെ അവസ്ഥ. കുട്ടിക്കെല്ലാം കുട്ടിക്കളി അല്ലെ !!.

കാലം പിന്നെയും കടന്നുപോയി. കാറ്റിനും മനസ്സിനും ചൂടേറുന്നു....!!

ആ കരിനീല മിഴികൾ അവളുടെ അമ്മയിൽ നിന്ന് അവൾക്ക് കിട്ടിയതാണ്. പക്ഷേ അമ്മയുടെ കണ്ണുകൾക്ക് എന്നും തോരാത്ത കണ്ണീർ മഴയായിരുന്നു ബാക്കിയായിരുന്നത്. അച്ഛനെ പറ്റി ഒരറിവ് അവൾക്കില്ല.

"അമ്മേ,എന്റെ അച്ഛനെവിടെ..?"

എന്ന് ചോദ്യത്തിന് അവൾക്ക് മറുപടിയും ലഭിച്ചിരുന്നില്ല. നിറയുന്ന കണ്ണുകളും നെടുവീർപ്പുകളും മാത്രമായിരുന്നു അവൾക്ക് മറുപടികൾ ആയത്. അപ്പൂപ്പനെ ആയിരുന്നു അവൾക്ക് ഏറെ ഇഷ്ടം. അമ്മൂമ്മയെ കണ്ട ഓർമ്മപോലും ഇല്ല. എന്നും വൈകുന്നേരം അപ്പൂപ്പൻ കൊണ്ടുവരുന്ന പലഹാരപ്പൊതികളും കാത്ത് അവൾ ഇരിക്കും. അതായിരുന്നു അവളുടെ ജീവിതത്തിലെ കൊച്ചു കൊച്ചു സന്തോഷങ്ങൾ.




കാലം പിന്നെയും കടന്നുപോയി. വേനലിന്റെ വീർപ്പുമുട്ടലിന് ആശ്വാസം പകർന്ന് കാലവർഷം പിന്നെയും അവിടെ കടന്നെത്തി. കാലത്തിന്റെ കുത്തൊഴുക്കിൽ എപ്പോഴോ അവൾ അച്ഛനെ മറന്നു പോയിരുന്നു.

പുതിയ പ്രഭാതം. സ്കൂൾ കുട്ടികളും ഉദ്യോഗസ്ഥരും അവരവരുടെ ലക്ഷ്യം സ്ഥാനതെത്താനായി ധൃതി കൂട്ടുന്നു.

**രണാന്തരം**

കുട്ടികളുടെ കുശലാന്വേഷണങ്ങളും കളിചിരികളും ആ പ്രൈവറ്റ് ബസ്സിനെ ശബ്ദപൂരിതമാക്കി. അയാൾ അടുത്ത സ്റ്റോപ്പിൽ ഇറങ്ങി. അടുത്ത് വലിയൊരു അരയാൽ വൃക്ഷം കാണാം. അതിനോട് ചേർന്നിരിക്കുന്ന ചായ ക്കടയിൽ അയാൾ കയറി. മുഷിഞ്ഞവേഷവും നീണ്ട ജരാനര ബാധിച്ച മുടിയും അയാളെ ഒറ്റനോട്ടത്തിൽ വിരൂ പനായി ചിത്രീകരിച്ചു.

"ഒരു ചായ...."

അയാൾ പതിഞ്ഞസ്വരത്തിൽ പറഞ്ഞു. ഇവിടെയെങ്ങും കണ്ടു പരിചയം ഇല്ലാത്ത മുഖത്തേക്ക് ചായക്കടക്കാരൻ ഒരു നിമിഷം ഉറ്റു നോക്കി.

"വരുത്തനാ,അല്ലിയോ ?"

അടുത്തിരുന്ന കിഴവൻ വളരെ അലസ ഭാവത്തിൽ ചോ ദിച്ചു.

"അതെ... കുറച്ചു വടക്കുന്നാ..!"

കിഴവനോട് മറുപടി പറയാൻ താല്പര്യമില്ല എന്നോണം അയാൾ പറഞ്ഞു.

"പേരെന്നതായിരുന്നു...?"കിഴവൻ പിന്നെയും ചോദിച്ചു.

"രാജീവൻ...!"

പൊടുന്നനെ ചായക്കടക്കാരൻ തിരിഞ്ഞുനോക്കി. ഇവിടെയോ കേട്ടു മറന്നതുപോലെ. അയാൾക്ക് നേരെ ചായക്കടക്കാരൻ ചായ വെച്ചു നീട്ടി. ചായയുടെ കടുപ്പ ത്തിനൊപ്പം അയാൾ ഓർമ്മയുടെ കുത്തൊഴുക്കിലേക്ക് ആണ്ടുവീണു.

വർഷങ്ങൾക്കു മുമ്പ് തന്റെ സുഹൃത്തായ നന്ദനോടൊ പ്പം ആണ് രാജീവൻ ആദ്യമായി നാട്ടിലേക്ക് എത്തുന്നത്. അധികം പ്രസിദ്ധൻ അല്ലെങ്കിലും പ്രതിഭാസ സമ്പന്ന നായ ഒരു എഴുത്തുകാരനായിരുന്നു രാജീവൻ. മാസിക കളിൽ നോവലുകൾ എഴുതിയും ചെറുകഥകൾ പ്രസിദ്ധീ കരിച്ചും അയാൾ തന്റെ ജീവിതം തള്ളിനീക്കി.രാജീവന്റെ ഏറെ നാളായിട്ടുള്ള സ്വപ്നമായിരുന്നു ഒരു സിനിമ തിര ക്കഥകൃത്ത് ആവണം എന്നുള്ളത്. അതിന്റെ ഭാഗമായി ജീവിതഗന്ധിയായ ഒരു കഥ എഴുതാനാണ് അയാൾ ആ നാട്ടിലെത്തിയത്.

നന്ദനോട് ചേർന്ന് അയാൾ ഒരു മുറി വാടകയ്ക്ക് എടു ത്തു. അയാൾ കഥ എഴുതുകയാണ്. ജീവിതഗന്ധിയായ സാഹചര്യങ്ങൾ കൂട്ടിയിണക്കി ഒരു പ്രണയകഥ.

"എന്നും പ്രഭാത വേളയ്ക്ക് ആഭരണം എന്നോണം പു ഞ്ചിരി തൂകി അവൾ ഞങ്ങളുടെ വീട്ടുപടിക്കൽ എത്തും. അയൽപക്കത്തെ കർഷകന്റെ മകളാണ് അവൾ,രേണുക. ഞങ്ങളുടെ വീട്ടിൽ പാല് കൊണ്ടുവരുന്നവളാണ്. 'കരിനീല മിഴികളും നനുത്ത പുഞ്ചിരിയും.....!'

'പക്ഷേ അവളുടെ പുഞ്ചിരി പ്രസാദം എന്നും കണികാ ണാനുള്ള ഭാഗ്യം എനിക്കുണ്ടായിരുന്നില്ല. അഗാധമായ ചിന്തകളിലാണ്ട് ഉറക്കമറ്റിരിക്കുന്ന ദിവസങ്ങൾ എനിക്ക് സുലഭമായിരുന്നു. പ്രഭാതങ്ങളിൽ വൈകി മാത്രം ഞാ ൻ എഴുന്നേറ്റു. എന്നും അവളെ വരവേൽക്കാൻ നന്ദു അതിരാവിലെ ഉണരും. ആ കരിനീല മിഴികളോടെ അവന് എപ്പോഴോ പ്രണയം തോന്നിയിരുന്നു...!

"ചായ മാത്രം മതിയോ..?കൂടെ കഴിക്കാൻ എന്തെങ്കി ലും...?"

ചായക്കടക്കാരന്റെ ചോദ്യം അയാളെ ഭൂതകാലത്തിൽ നിന്ന് വിളിച്ചുണർത്തി. വേണ്ട എന്ന് മറുപടി എന്നോ ണം അയാൾ ചായയുടെ കാശ് മേശപ്പുറത്ത് വെച്ച് പുറത്തേക്കിറങ്ങി.
ചായ നൽകിയ ഒരു ഇത്തിരി ഉണർവും പേറി അമ്പലക്കു ളത്തിന്റെ അടുത്തേക്ക് അയാൾ നടന്നു നീങ്ങി.

നീലത്താമരകൾ പൂത്തുനിൽക്കുന്നു. അയാൾ ആ പടവു കളിൽ ഇരുന്നു. ഇതിന് കുറച്ച് അപ്പുറത്തായിരുന്നല്ലോ അവളുടെ വീട്. ഭൂതകാല ഓർമ്മകൾ അയാളെ വീണ്ടും വേട്ടയാടി.

' നന്ദു നല്ലൊരു കായിക അഭ്യസിയായിരുന്നു. കളരിപഠന വും മറ്റുചില്ലറ ജോലികളുമായി അവൻ കാലം തള്ളി നീ ക്കി. ഞാനെപ്പോഴും എന്റെ അലസമായ കഥാരചനയിൽ മുഴുകിയിരുന്നു. പല ദിവസങ്ങളിലും അവൾ പാൽപാ ത്രം തിരിച്ചെടുക്കാൻ വൈകുന്നേരങ്ങളിൽ വരും. എന്റെ ചില കുശന്വേഷണങ്ങളും സംഭാഷണങ്ങളും അവളെ ചി ലപ്പോൾ അവിടെ പിടിച്ചിരുത്തും.

"രേണുക ഏതു വരെ പഠിച്ചു...?"

"പ്രീഡിഗ്രി പാസായി. അതിനുശേഷം പഠിക്കാൻ അച്ഛൻ വി ട്ടില്ല." അവൾ പറഞ്ഞു.

വിശേഷങ്ങൾ പങ്കുവയ്ക്കലും കളി ചിരികളും കുസൃതിയുമായി കാലം



അങ്ങനെ കടന്നുപോയി. ഞങ്ങൾ പോലും അറിയാതെ ഞങ്ങൾ പരസ്പരം അടുത്തു തുടങ്ങി. നന്ദു, ഇത് ഒന്നു അറിഞ്ഞിരുന്നില്ല. അവൻ തന്റെ ഉള്ളിലെ ഇഷ്ടം ഇപ്പോഴും അവളെ അറിയിക്കാനാകാതെ  വീർപ്പുമുട്ടിനടക്കുകയായിരുന്നു. ഒടുവിൽ പിരിയാൻ ആവാത്ത വിധം ഞാനും രേണുകയും അടുത്തു. ഒരു ദിവസം സന്ധ്യക്ക് നന്ദു ഞങ്ങളെ കാണാനിടയായി. അന്നാദ്യമായി അവന്റെ ഉള്ളിലെ വിദ്വേഷം ആ കണ്ണുകളിൽ ഞാൻ കണ്ടു.

പക്ഷേ ഇതിനോടകം അവന്റെ ഇഷ്ടം അവൻ അവളുടെ അച്ഛനെ അറിയിച്ചിരുന്നു. കേശവൻ നായർ മുഖം അടിച്ച് എന്നോണം അയാളുടെ വിസമ്മതം അറിയിച്ചു.

"ന്റെ മോളെ ഞാൻ അങ്ങനെ കണ്ടവന് കെട്ടിച്ചു കൊടുക്കാൻ നിശ്ചയിച്ചിട്ടില്ല... പോയി വേറെ നോക്കിക്കോളൂ..!"

ഈ കാഴ്ച കൂടിയായപ്പോൾ അവൻ ആകെ തകർന്നു   പോയി. അന്ന് രാത്രി നിങ്ങൾ പതിവുപോലെ നടക്കാൻ ഇറങ്ങി. മണിക്കൂറുകൾ നീണ്ടുനിന്ന മൗനം ലംഘിച്ചുകൊണ്ട് ഞങ്ങൾ താമരക്കുളത്തിന് അടുത്ത് വച്ച് ഞങ്ങളുടെ സംഭാഷണം ആരംഭിച്ചു.

"നന്ദു,ഞാൻ നിന്നോട്..."

"വേണ്ട നീ ഒന്നും പറയണ്ട.... ഒരു വാക്ക് എന്നോട് പറയാമായിരുന്നു..."

"ഇല്ലടാ ഞങ്ങൾ...."

"മതി നിർത്ത നിന്റെ നാടകം...!! എന്താ നിനക്ക് ഇപ്പൊ എന്റെ പെണ്ണിനെ വേണോ ..?!"

 മുറിപ്പെടുത്തുന്ന ഓർമ്മകൾ പിന്നെയും രാജീവനെ വേട്ടയാടി.

"എടോ...താൻ ഏതാ... ഇവിടെ എങ്ങും കണ്ടിട്ടില്ലല്ലോ."
 പെട്ടെന്ന് പുറകിൽ നിന്ന് ആരോ അയാളെ തട്ടി വിളിച്ചു. ഓർമകളിൽ നിന്നും അയാൾ ഞെട്ടി ഉണർന്നു .

"ഇവിടെ അധികം നേരം ഇരിക്കണ്ട. എഴുന്നേറ്റ് പൊയ്ക്കോളൂ,സന്ധ്യ കഴിഞ്ഞാൽ ഇവിടെ ആരും അങ്ങനെ ഇരിക്കാറില്ല, പണ്ട് പല ദുർമരണങ്ങളും നടന്ന സ്ഥലമായത്."

 ഒന്നും മിണ്ടാതെ അയാൾ അവിടെ നിന്നും എഴുന്നേറ്റ് നടന്നു. നടക്കുന്നതിനിടയിൽ ഓർത്തു 'അത്തരമൊരു ദുർമരണം ആയിരുന്നല്ലോ തന്നെ ഈ ഗതിയിൽ എത്തിച്ചത്.!!"

അയാൾ നടന്നു പോകുന്നതിനിടയ്ക്ക് ഒരാൾ അയാളെ തടഞ്ഞുനിർത്തി.

"ഒന്ന് നിന്നെ... നീയാ രാജീവൻ അല്ലേ,നന്ദനെ കൊന്ന. എപ്പോ ഇറങ്ങി ജയിലിൽ നിന്ന്...??!"

"കഴിഞ്ഞ ആഴ്ച"...ഇടറിയ ശബ്ദത്തിൽ അയാൾ പറഞ്ഞു.

"എന്താ ഇങ്ങോട്ടൊക്കെ? ഇനി പുതിയ പ്രതികാരം എന്തെങ്കിലും...??"

"ഇല്ല...എനിക്ക് എന്റെ രേണുകയൊന്ന് കാണണം..."

"മതിയായില്ലേ നിനക്ക്? അവളെയും അവളുടെ കുടുംബത്തെയും ദ്രോഹിച്ചിട്ട്. ആ പാവം മനുഷ്യനും പിള്ളേരും ആത്മഹത്യ ചെയ്യതില്ല എന്നേയുള്ളൂ...."

"എനിക്കെന്റെ കുഞ്ഞിനെ എങ്കിലും ഒന്ന് കണ്ടാൽ മതി.... ഞാൻ പൊയ്ക്കോളാം..!!"

"കുഞ്ഞോ ... നാണമില്ലേ നിനക്ക്.. ഒരു പാവം പെണ്ണിനെ ചതിച്ചു കടന്നിട്ട്... കുലപ്പുള്ളി!!

വെറുതെ ആവശ്യമില്ലാത്ത പണിക്ക് നിക്കണ്ട. എത്രയും വേഗം സ്ഥലം വിട്ടോ.വരുത്തൻമാരെ കേറ്റി പാർപ്പിച്ചതിന്റെ ക്ഷീണം ഇനിയും ഈ നാടിനെ വിട്ടു മാറിയിട്ടില്ല!!"

ഒന്നും മിണ്ടാതെ അയാൾ എതിർ ദിശയിലേക്ക് നടന്നു നീങ്ങി.
മരണം പോലും ഇത്രയും വേദനാജനകമല്ലെന്ന് അയാൾക്ക് അപ്പോൾ തോന്നി.

'അറിയാതെ പറ്റിയ ഒരു കൈയബദ്ധം, നിലയില്ല കയത്തിലേക്ക് സ്വന്തം സുഹൃത്തിനെ തള്ളി വിട്ടു. നീന്തൽ അറിയാമായിരുന്നിട്ടും അവൻ രക്ഷപ്പെട്ടില്ല, നിസ്സഹായനായി നോക്കി നിൽക്കാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളു. അടുത്ത ദിവസം വാർത്ത പരന്നത് ഞാൻ അവനെ തള്ളിയിട്ടു കൊന്നു എന്നായിരുന്നു. പെണ്ണിനെ കിട്ടാൻ ഉറ്റ ചങ്ങാതിയെ കൊന്നു കളഞ്ഞു അത്രേ!.ഒരു പാപനാശിനിക്കും കഴുകിക്കളയാൻ ആകാത്തത്ര പാപം പേറുന്നു ഒരു ജന്മമായിപ്പോയല്ലോ ഞാൻ...! ' അയാൾ സ്വയം ശപിച്ചു.

രേണുകയെയും മകളെയും കാണാൻ, അയാൾ ആവുന്നത്ര ശ്രമിച്ചെങ്കിലും ഫലം കണ്ടിരുന്നില്ല. അയാളുടെ വരവിനെ പറ്റി കേശവൻ നായർ ഇങ്ങനെയോ അറിഞ്ഞിരുന്നു. ചില പഴയകാല



സുഹൃത്ത് ബന്ധങ്ങൾ ഉപയോഗിച്ച് അയാൾ തന്റെ മകളെ വിദൂരതയിൽ നിന്ന് മാത്രമായി ഒരു നോക്കി കണ്ടു.

അച്ഛൻ കൊലപ്പുള്ളി അല്ല... മകൾ കണ്ടു പേടിച്ചാലോ..!

ഒരു ദിവസം രേണുക മകളെയും വിളിച്ച് വീട്ടിലേക്ക് മടങ്ങുമ്പോൾ, അയാൾ അടുത്തുകൂടാൻ ശ്രമിച്ചെങ്കിലും കേശവൻ നായരുടെയും നാട്ടുകാരുടെയും സാന്നിധ്യം അയാളെ പിന്നിലേക്ക് വലിച്ചു.

പരാജയപ്പെട്ടവന്റെ പരാതി എന്നോണം അയാൾ സ്വയം പഴിക്കാറുണ്ട്. തന്റെ നിരപരാധിത്വം തെളിയിക്കാൻ പോലും കഴിയാത്ത നിസ്സഹായനായ പാഴ്ജന്മം ആയി താൻ മാറിപ്പോയല്ലോ എന്നോർത്ത്. നിരാശയും കുറ്റബോധവും പേറുന്ന അയാളുടെ മനസ്സ് എപ്പോഴോ ജീവിതത്തെ അവസാനിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടായിരുന്നു. പക്ഷേ എല്ലാ തീരുമാനങ്ങളും നടപ്പിലാക്കപ്പെടണമെന്നില്ലല്ലോ..!!

പിന്നെയും കാലം കടന്നു പോയി. തന്റെ നിരാശജനകമായ ജീവിതം അയാളെ ഒരു മുഴുക്കുടിയനാക്കി മാറ്റി. ഒരിക്കൾക്കൂടി ആ അമ്പലക്കുളക്കരയിൽ ഒരു പറ്റം ആൾക്കാർ തടിച്ചുക്കുടി, ഒരു വട്ടം ക്കൂടി അവിടെ ഒരു ശവം പൊന്തി. അത് കാണാൻ ഒരുപാടുപേർ എത്തി, കൂട്ടത്തിൽ ആ നിറഞ്ഞു തുളുമ്പുന്ന കരിനീല മിഴികളും...

തന്റെ അമ്മയുടെ നിറഞ്ഞ കണ്ണുകളിലേക്ക് നോക്കി ഒരിക്കൽക്കുടി അവൾ ആ ചോദ്യം ചോദിച്ചു.

"അമ്മേ... എന്റെ അച്ഛൻ എവിടെ..!??"

നീലത്താമരകൾ പൂത്തു നിൽക്കുന്നു. കേശവൻ നായരെക്കാത്ത് ഇരുമ്പഴികളും.


'ഇത്തവണത്തെ പുള്ളുവൻ പാട്ടിനോ പ്രതികാരത്തിന്റെ ഈണം..!!'



# രണസാക്ഷി

വസന്തത്തിന്റെ ഇടിമുഴക്കം കേട്ട്
സ്വന്തം രക്തം ഊറ്റിയെടുത്ത്
നിസ്വന്റെ സ്വപ്നങ്ങൾക്ക്
നിറം കൊടുത്തവൻ
ഒരിക്കലും വിരിയാത്ത പൂക്കാലങ്ങൾക്ക്
ചൂഴ്ന്നുമാറ്റപ്പെട്ട കണ്ണുകളാൽ
സാക്ഷ്യം പറഞ്ഞവൻ
പച്ചിലസമൃതിയുടെ നിഗൂഢതയിൽ
കേട്ട വെടിയൊച്ചയാൽ
മണ്ണു മുഴുവൻ ചുവപ്പിച്ചവൻ
ഒടുവിൽ വെറുമൊരു
ഓർമ്മദിനമായ് അവശേഷിച്ചവൻ

Liyana
39th Batch





# ഭ്രമം

നിൻ കിരണങ്ങൾക്കെന്തു കാന്തശക്തിയാണ്,
പ്രാണസ്പന്ദങ്ങൾ മോഹാലസ്യയാക്കി
ചുവന്ന സന്ധ്യകൾ ആനന്ദലജ്ജയാക്കി ചടുലമാംചുഴലിയെൻ
മനത്തിൽ തിമിർത്താടുമ്പോഴും
നിൽ ജ്വാലകളിൽ കത്തിയമരാൻ കൊതിയേറിടുന്നു.
എൻ ശവകുടീരത്തിന്മേൽ പതിച്ച കിരണങ്ങൾ
വളക്കൂറുള്ളമണ്ണിൽ സ്വപ്നങ്ങൾ പെയ്തപോൽ;
പുലരിയെൻ ആത്മാവിൽ പുതുജന്മമേകി
വെള്ളാരങ്കല്ലിൻ നിറമഴവില്ലണിഞ്ഞപോൽ;
കറുകപുൽ മധുരം ഞാൻ നുകർന്നിടുന്നു.
നമ്മൾ പടുത്തുയർത്തിയ കിനാവിന്റെ ജാലകം
ഹൃദയഭിത്തിയായി നിർമ്മിച്ചിടേണം .
ചിതലരിച്ചൊരെൻ അഭിലാഷവേദിയിൽ
ആരവങ്ങൾക്ക് മാറ്റൊലികൊള്ളുവാൻ
നിൻകിരണങ്ങൾക്കന്നും കാന്തശക്തിവേണം.

**Amaya P**
**38th Batch**

| Nayanthara S.R.
37th batch

# സ്ത്രീ സുരക്ഷയ്ക്ക് ഇനി വേണ്ടത് സമൂഹനവീകരണം



ഭാരതത്തെ പോലെ സ്ത്രീകളുടെ അവകാശങ്ങളെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്ത മറ്റൊരു സംസ്കാരവും ഇല്ല എന്നതാണ് സത്യം. സമസ്ത മേഖലകളിലും വ്യാപിച്ചു നിൽക്കുന്ന ശക്തിയെ തന്നെ സ്ത്രീ ഭാവവുമായി കരുതിപ്പോരുന്ന നാടാണ് ഭാരതം. ഇന്ന് ഭാരതത്തിലെ സ്ത്രീ സുരക്ഷിതയാണോ ? പോയകാല അവസ്ഥ എന്താണ് ? ഇന്നിന്റെ യാഥാർത്ഥ്യം എത്ര പരിതാപകരമാണ്. നമ്മുടെ രാജ്യത്ത് സ്ത്രീ സുരക്ഷ ഒരു വലിയ പ്രശ്നമായി മാറിയിരിക്കുന്നു. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ ദിനംപ്രതിയെന്നോണം വാർത്താമാധ്യമങ്ങളിൽ നിറയുന്നു. സ്വന്തം ഗൃഹാന്തരീക്ഷത്തിൽ പോലും സ്ത്രീ സുരക്ഷിതയല്ല എന്ന ബോധം നമ്മെ അലോസരപ്പെടുത്തുന്നു. ഈ ലോകത്ത് ജനിക്കുന്നതിനുള്ള അവകാശം പോലും പെൺകുട്ടികൾക്ക് നിഷേധിക്കപ്പെടുന്നു .സ്വന്തം വീടുകളിൽ, സമൂഹത്തിൽ, തൊഴിലിടങ്ങളിൽ എന്നുവേണ്ട സ്ത്രീ വ്യാപിക്കുന്ന സമസ്ത മേഖലകളിലും അവൾ പീഡനത്തിന്റെ നോവ് തിരിച്ചറിയുന്നു.

സ്ത്രീ സുരക്ഷയ്ക്ക് മങ്ങലേൽപ്പിക്കുന്ന ഇത്തരം സംഭവങ്ങൾ നിരന്തരം ആവർത്തിക്കുന്നത് ഒരു യാഥാർത്ഥ്യമാണെന്നിരിക്കെ ഇതിന്റെ കാര്യകാരണ ബന്ധങ്ങൾ എന്തെന്ന് നാം ഒരിക്കൽ കൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. എവിടെയാണ് നമ്മുക്ക് പിഴച്ചത് ? നിയമത്തിന്റെ അപര്യാപ്തതയോ ? അവ നടപ്പാക്കുന്നതിലെ പാളിച്ചയോ?


പുരുഷാധിപത്യത്തിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ വികല ധാരണകളോ ? സ്ത്രീയുടെ ശക്തി എന്തെന്ന് സ്വയം അവൾക്ക് തിരിച്ചറിയാൻ കഴിയാതെ വരുന്നതുകൊണ്ടോ ? എന്താണ് യഥാർത്ഥ കാരണം ? ആരാണ് ഇവിടെ പ്രതിക്കൂട്ടിൽ നിൽക്കുന്നത് ? നമ്മുക്ക് പരിശോധിക്കാം.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ സ്ത്രീ സമത്വത്തിന്റെ ആവശ്യകത എടുത്തു കാണിക്കുന്നുണ്ട്. ഭരണഘടനയിലെ മൗലിക അവകാശങ്ങൾ വിവരിക്കുന്ന ഭാഗം 3 ലെ 14, 15, 15/3, 16, 39, 42 അനുച്ഛേദങ്ങൾ സ്ത്രീയുടെ

അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ടവയാണ്. ഇതിനായി പ്രത്യേകം നിയമനിർമ്മാണം നടത്താനുള്ള അധികാരം തന്നെ ഭരണഘടന നമ്മുടെ ഭരണകൂടത്തിന് നൽകിയിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

നേരിടുന്നതിനും സ്ത്രീയുടെ അന്തസും അഭിമാനവും കാത്തുസൂക്ഷിക്കുന്നതിനുമായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പല നിയമനിർമ്മാണങ്ങളും നടത്തിയിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാനിയമം അനുസരിച്ച് ബലാത്സംഗം, മാനഭംഗം, സ്ത്രീധനമരണം, സ്ത്രീ പീഡനം, തട്ടിക്കൊണ്ടുപോകൽ, സ്ത്രീകളെ ശല്യം ചെയ്യൽ, സമ്മതമില്ലാതെയുള്ള ഗർഭച്ഛിദ്രം, വിവാഹവുമായി ബന്ധപ്പെട്ടവ, കേരള പോലീസ് നിയമം 2011, സ്ത്രീധന നിരോധന നിയമം, സ്ത്രീയുടെ അന്തസ്സിനു ഭംഗം വരുത്തുക, ബാല വിവാഹം, ഗാർഹികാതിക്രമം, ലിംഗനിർണയ പരിശോധന, സ!!ൈ!!ബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ എന്നിവ സ്ത്രീകൾക്ക് നിയമപരിരക്ഷ ഉറപ്പു നൽകുന്നവയാണ്. കൂടാതെ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഗണിക്കുന്നതിനായി വനിതാ കമ്മീഷനുകളും നിലവിലുണ്ട്.പക്ഷേ കുറ്റകൃത്യങ്ങൾ പെരുകുന്നു. ഈ സാഹചര്യമാണ് നാം പരിശോധനയ്ക്ക് വിധേയമാക്കേണ്ടത്. സ്ത്രീകൾക്ക് ദോഷകരമാകുന്ന പ്രവർത്തനങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ പോരെങ്കിൽ അവർ തിരുത്തപ്പെടുകയോ പൊളിച്ചെഴുതപ്പെടുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. നമ്മുടെ നിയമനിർമ്മാണ നിർവഹണ സംവിധാനങ്ങൾ വളരെ ഗൗരവമായി തന്നെ ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. നിയമങ്ങൾ പര്യാപ്തമാണെങ്കിൽ അവ നടപ്പാക്കുന്നതിനുള്ള വീഴ്ചയാണ് പ്രശ്നങ്ങൾ സങ്കീർണ്ണം ആക്കുന്നത് എന്ന് പരിശോധിക്കണം. ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി ഫലപ്രദമായി നടപ്പാക്കുന്നതിന് നമ്മുടെ ഭരണ സംവിധാനങ്ങൾക്ക് കഴിയണം. പുരുഷാധിപത്യ സമൂഹത്തിൻറെ ബാക്കിപത്രമാണ് പ്രശ്നമെങ്കിൽ ശരിയായ ദിശയിലൂടെയുള്ള സാമൂഹ്യ ബോധവൽക്കരണവും അത്യന്താപേക്ഷിതമാണ്. ലിംഗ സമത്വത്തിൽ അധിഷ്ഠിതമായ മൂല്യങ്ങളും മനോഭാവങ്ങളും സമൂഹത്തിൽ അടിച്ചേൽപ്പിക്കപ്പെടേണ്ട ഒന്നല്ല. ഓരോ പൗരന്റെയും മനസ്സിൽ സ്വയം രൂപപ്പെടേണ്ട വളരെ ഉദാത്തമായ ഒരു വികാരമാണ്.

സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട വനിതാ സംരക്ഷണ നിയമം കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കിയിരിക്കുന്നു. സ്ത്രീക്ക് തന്റേതായ അവകാശങ്ങളും സുരക്ഷിതത്വവും ലഭ്യമാക്കുന്നതിനുള്ള ഭരണഘടനാപരമായ ഉറപ്പും നിയമസംഹിതകളുടെ പിൻബലവും ഉണ്ടെങ്കിലും അവ വേണ്ട രീതിയിൽ പാലിക്കപ്പെടാതെ പോകുന്നു. തിരിച്ചറിയുന്ന ഒരു ന്യൂനപക്ഷം പോലും വേണ്ട രീതിയിൽ പ്രതികരിക്കാത്തത് എന്തുകൊണ്ട് ? ഈ സാമൂഹിക പ്രശ്നത്തിന്റെ കാരണം അന്വേഷിക്കുമ്പോഴാണ് നാം ഞെട്ടിക്കുന്ന ഒരു സത്യം മനസ്സിലാകുന്നത്.ലിംഗ വിവേചനത്തിന്റെ ഊരാകുടുക്കിൽ നിന്നും രക്ഷപ്പെടാനാകാതെ സ്വയം സഹിച്ചും സ്വയം നഷ്ടപ്പെട്ടും ജീവിതം ഹോമിക്കുന്ന സ്ത്രീ ജന്മത്തെ



നമുക്ക് തിരിച്ചറിയാൻ കഴിയുക ഈ സാഹചര്യത്തിലാണ് . നൂറ്റാണ്ടുകളായി അനുഭവിച്ചു വരുന്ന അടിമത്ത മനോഭാവം രക്തത്തിൽ അലിഞ്ഞു ചേരുകയും അത് ഒരു ജീവിതചര്യയായി മാറുകയും ചെയ്യുന്നു എന്നതും അതീവ ഗൗരവം അർഹിക്കുന്നു. ഈ ബന്ധനതിൽ നിന്ന് മുക്തയവുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല.സാമൂഹിക ബോധവക്കരണതിലൂടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുനതിനുള്ള ആസൂത്രിതവും നിക്തരവുമായ പ്രവർത്തന പരിപാടികളാണ് നമുക്ക് ഇനി വേണ്ടത്. ഈ വിഷയത്തിൽ അതിഷ്ഠിതമായ ഒരു സമൂഹ നവീകരമാണ് നടക്കേണ്ടത്.

ഗൃഹാന്തരീക്ഷത്തിൽ തുടങ്ങി ജനസമൂഹത്തിലേക്ക് വ്യാപിക്കുന്ന ക്രിയാത്മകമായ ഇടപെടലിലൂടെ പ്രശ്ന പരിഹാരത്തിനാവശ്യമായ മൂലകങ്ങളും മനോഭവങ്ങളും വളർത്തിയെടുക്കുക എന്നതാണ് നമുക്ക് വേണ്ടത്. ഓരോ കുടുംബവും അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ടതുണ്ട്. ആൺ പെൺ വിവേചനമില്ലാതെ ഒരു കുടുംബ സംവിധാനമാകട്ടെ നമ്മുടെ ലക്ഷ്യം.നമ്മുടെ കുടികളിൽ ഈ മൂല്യബോധം വളർത്തിയെടുക്കുന്നതിനുള്ള ശ്രമം രക്ഷിതാക്കൾ തന്നെ നടത്തണം. മാതാപിതാക്കൾ അവരുടെ ജീവിതം മാതൃകയാക്കി മാറ്റണം. കുടികൾ സ്വയം മനസ്സിലാക്കുകയും മൂല്യങ്ങൾ സ്വയം രൂപപ്പെടുത്തുകയും ചെയ്യട്ടെ.ഇതോടൊപ്പം നമ്മുടെ വിദ്യാലയങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ലിംഗ സമത്വത്തിൽ അധിഷ്ഠിതമായ ആശയങ്ങൾ ,മൂല്യങ്ങൾ മനോഭാവങ്ങൾ എന്നിവ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പ് മുൻകൈ എടുക്കണം. ഇവ കുട്ടികളുടെ മനസ്സിൽ ആഴത്തിൽ ഉറപിക്കുനതിനുള്ള സ്നേഹപൂർണമായ ശ്രമങ്ങളും ഉണ്ടാകണം.

കുട്ടികൾ ആൺ പെൺ വ്യത്യാസമില്ലാതെ അന്യോന്യം അംഗീകരിക്കുകയും സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന ഒരു അന്തരീക്ഷം ഗൃഹാന്തരീക്ഷത്തിലെന്ന പോലെ വിദ്യാലയങ്ങളിലും സംജാതമാകണം . ഈ ലക്ഷ്യം മുൻ നിർത്തികൊണ്ട് രക്ഷിതാവിനും അതുവഴി സമൂഹത്തിനും ഫലപ്രധമായ ബോധവൽകരണ പ്രക്രിയ കൂടി നടപ്പാക്കേണ്ടതുണ്ട്. ക്രമീകൃതവും ആസൂത്രിതവും ആയ പ്രവർത്തനങ്ങളിലൂടെ ഈ സങ്കീർണതയെ നമുക്ക് ഒരുമിച്ച് നേരിടാം




# അളവുകോൽ

ഉത്ര, പ്രിയങ്ക, വിസ്മയ, അർച്ചന..... ഇങ്ങനെ നീണ്ടു പോകുന്ന ചങ്ങലയിൽ ഒരാൾ കൂടി , ഡോ ഷാഹിന, അതെ കുറച്ചു കാലം നമ്മുടെ പത്രങ്ങളുടെ തലകെട്ട് ആയിരുന്ന പേരുകൾ. സ്ത്രീധനത്തിന്റെ അടുത്ത ഇര. ഇവരുടെ ജീവിതം പത്രങ്ങളുടെ തലക്കെട്ട് ആവാനുള്ളതായിരുന്നോ ? നമ്മൾ ഓരോരുത്തരെയും പോലെ ഒരുപാട് സ്വപ്നങ്ങളും പ്രതീക്ഷകളും ലക്ഷ്യങ്ങളും നിറഞ്ഞതല്ലായിരുന്നോ യഥാർത്ഥത്തിൽ ഇവരുടെ ജീവിതം.. ഡോക്ടർ ഷാഹിന; അയാൾ നിന്നെ പ്രണയിക്കുകയായിരുന്നോ?? ചിന്തിക്കേണ്ടി ഇരിക്കുന്നു.. ഒരിക്കലും ഒരു പ്രണയത്തിന്റെ അളവുകോലായി നിറം, ജാതി, മതം, പണം എന്നിവ വരില്ല. വന്നാൽ അത് പ്രണയമല്ലെന്ന് ഉറപ്പ്..ലിറ്ററസി റേറ്റ് കൂടുതതലുള്ള കേരളത്തിന്റെ ഇന്നത്തെ അവസ്ഥയാണിത്....

രാജ്യത്ത് സ്ത്രീധനം നിയമം മൂലം നിരോധിച്ചിട്ട് ആറു പതിറ്റാണ്ട് പിന്നിട്ടു. എന്നിട്ടും പല രൂപത്തിലും അളവിലും സ്ത്രീധനം കൊടുക്കുകയും വാങ്ങുകയും ചെയ്യുകയാണ്. സാമൂഹ്യവിപത്തായി കണ്ട് അഭിസംബോധന ചെയ്യേണ്ട ഗൗരവതരമായ വിഷയമാണ് സ്ത്രീധനവും ഗാർഹിക പീഡനവും. സ്ത്രീപുരുഷ ഭേദമന്യേ, ഭർത്താവിന്റെ കുടുംബമെന്നോ ഭാര്യയുടെ കുടുംബമെന്നോ ഉള്ള വ്യത്യാസം കൂടാതെ വിട്ടുവീഴ്ചയില്ലാത്ത നിലപാട് എടുക്കാൻ നമുക്കാവണം. കുടുംബത്തിന്റെ നിലയും വിലയും കാണിക്കാനുള്ള ഒന്നല്ല വിവാഹം. നൽകിയ സ്ത്രീധനത്തിന്റെ കണക്കാകരുത് കുടുംബത്തിന്റെ മഹിമയുടെ അളവുകോൽ. അങ്ങനെ ചിന്തിക്കുന്നവർ പെൺകുട്ടികളെ വിൽപ്പനചരക്കാക്കി മാറ്റുകയാണ് എന്നോർക്കണം. വിവാഹത്തെയും കുടുംബജീവിതത്തെയും ആ വിധത്തിലുള്ള വ്യാപാര കരാറായി തരംതാഴ്ത്തരുത്. വീടിനുള്ളിലെ ചർച്ചകൾ പോലും ഇക്കാര്യത്തിൽ വലിയ സ്വാധീനം മക്കളിൽ ചെലുത്തും എന്ന് മാതാപിതാക്കൾ തിരിച്ചറിയണം. പെൺകുട്ടിയുടെ വീട്ടിൽ നിന്ന് എന്തെങ്കിലുമൊക്കെ പാരിതോഷികം ലഭിക്കേണ്ടത് / കൊടുക്കേണ്ടത് അവകാശം ആണെന്ന ചിന്തയാണ് ആദ്യം ഒഴിവാക്കേണ്ടത്..

സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന ഏറ്റവും വലിയ സ്ത്രീ വിരുദ്ധ പ്രവൃത്തികളിൽ ഒന്നാണ് നമ്മുടെ നാട്ടിലെല്ലാം സ്ഥിരമായി നടന്നു വരുന്ന പെണ്ണുകാണൽ എന്ന ആചാരം. ചന്തയിൽ നിന്നും ആടുമാടുകളെ വാങ്ങുന്നതു പോലെ വാങ്ങി കൊണ്ടു വരേണ്ട ഒന്നാണോ ഈ സ്ത്രീയെന്നു പറയുന്ന മനുഷ്യ വർഗം..!മൂന്നു ഘട്ടമായാണ് സാധാരണ ഈ കലാപരിപാടി അരങ്ങേറുന്നത്, ആദ്യം ബ്രോക്കറും ചെക്കന്റെ അടുത്ത ബന്ധുവും വന്നു കാണുന്നു. അവർക്കു ബോധിച്ചാൽ ചെക്കനും സുഹൃത്തുക്കളും വന്നു കാണുന്നു, പിന്നെ ബന്ധുക്കളെല്ലാം കൂടെ വന്ന് ഒന്നുകൂടെ കാണുന്നു. എല്ലാവരും പെണ്ണിന്റെ മുല വരെ കണ്ണുകൊണ്ടളന്ന് മാർക്കിടുന്നു..ഏറ്റവും രസമുള്ള കാര്യം എന്താണെന്നാൽ അഞ്ചു മിനിറ്റ് സംസാരത്തിന്റെ പരിചയത്തിലാണ് രണ്ടു പേരുടെയും ജീവിതത്തിലെ ഏറ്റവും പ്രധാനമായൊരു സംഗതി അവിടെ തീരുമാനിക്കപ്പെടുന്നത്..മകൾക്കെന്തു കൊടുക്കുമെന്ന് കാരണവരുടെ ചോദ്യം കൂടെ വരുന്നതോടെ ആ വിൽപന കരാറവിടെ ഒപ്പു വെയ്ക്കുന്നു; വില ബോധിച്ചാൽ മാത്രം..ഇനി അഥവാ വിവാഹം ഉറപ്പിച്ചതിന് ശേഷം രണ്ടിലൊരാൾക്ക് ഇത് ശരിയാകില്ല എന്നു തോന്നിയാൽ വീട്ടുകാർ ചോദിക്കും 'ഉറപ്പിച്ച കല്യാണം മുടങ്ങിയാൽ നാട്ടുകാർ എന്തു പറയും !?'എന്ന്..! ഇങ്ങനെയൊക്കെ ഇപ്പോഴും ഈ കേരളത്തിൽ നടക്കുന്നു അല്ലേൽ നടന്നുകൊണ്ടിരിക്കുന്നു എന്ന് ഓർക്കുമ്പോൾ തന്നെ തികച്ചും വെറുപ്പാണ് ഉള്ളിൽ ഉണ്ടാകുന്നത്...പത്തു രൂപ ചോദിക്കുന്നവനെ ഭിഷക്കാരനെന്ന് വിളിക്കുന്ന ഈ സമൂഹം എന്ത് കൊണ്ട് ലക്ഷങ്ങൾ സ്ത്രീധനം വാങ്ങുന്നവനെ മണവാളൻ എന്ന് വിളിക്കുന്നു...?

ഒരിക്കലും വിവാഹം ഒരു വിൽപ്പനയല്ല, സ്ത്രീകൾ ഒരു വിൽപ്പന ചരക്കുമല്ല...പൊന്ന് തൂക്കി വിലയിടാൻ ഒരു കൂട്ടരും ലേലം വിളിച്ചു വിക്കാൻ പെറ്റ് പോറ്റിയവരും ഇത് എങ്ങോട്ടാ ഈ പോക്ക്..പെൺകുട്ടികൾക്ക് കളിക്കാൻ കിച്ചൻ സെറ്റ് വാങ്ങികൊടുക്കുന്നത് തൊട്ട് അടുക്കളയിലെ കാര്യങ്ങൾ സ്വയം നോക്കിനടത്തുന്നതിൽ അവസാനിക്കുന്നു ഓരോ സ്ത്രിയുടെയും ജീവിതം..


പണം നോക്കി വരുന്നവനോട് പോയി പണി നോക്കെടാ എന്ന് പറയുന്ന പെൺകുട്ടികൾ ആണ് ഈ നാടിന്റെ ഇന്നത്തെ ആവിശ്യം..സ്ത്രീധനത്തിനായി വിലപേശുന്നവർക്ക് വിലയ്ക്ക് വാങ്ങാനുള്ളതല്ല, ഓരോ പെണ്ണിന്റെയും വില മതിക്കാനാകാത്ത ജീവിതം.. ഒരു രാത്രിക്ക് വില ചോദിക്കുന്ന സ്ത്രീകളെ വേശ്യ എന്ന് നീ വിളിച്ചു എങ്കിൽ ഒരു ജീവിതത്തിനു വില ചോദിക്കുന്ന നിന്നെ എന്ത് വിളിക്കണം

**I Amritha S**
**38th batch**

**I Vaisakh Venu**
Asst. Professor,
Dept. of BEAS

# പരിണാമ സിദ്ധാന്തം

ഏറെ തിരഞ്ഞ ശേഷം
മരിച്ചവരുടെ ദൈവം
കൊന്നവരുടെ ദൈവത്തെ കണ്ട് മുട്ടി..
എന്റെ മക്കളെ കൊന്നുവല്ലേ
എന്ന തീക്ഷ്ണമായ നിലവിളിയോടെ
ഒന്നാമൻ തന്റെ പ്രതിബിംബത്തെ കല്ലെറിഞ്ഞു,
വലിയ ശബ്ദത്തിൽ ഇരുവരും പൊട്ടിത്തെറിച്ചു,
ചിതറി തെറിച്ച വിശ്വാസ ശകലങ്ങൾ തറച്ചു
പാതി അന്ധരായി,നിഗൂഢമായ അനിശ്ചിതത്വത്തിന്റെ
മറവിൽ അലിഞ്ഞുചേർന്നു ,
ശിഥിലമായ വിശ്വാസങ്ങളുടെ ശകലങ്ങളിൽ നിന്ന് ,
പരസ്പരവിരുദ്ധമായ ആശയങ്ങളുടെ
കോലാഹലങ്ങൾക്കിടയിൽ നിന്ന്
പുതിയ ദൈവങ്ങൾ ജനിച്ചു കൊണ്ടേയിരുന്നു.
എല്ലാം കണ്ട് കാലം യുക്തിവാദിയായി പരിണമിച്ചു



I Hafiza Naaz
38th batch

# THE WHIMPER

No one will know how these morning glories
Blossomed in my heart.
No one will know how these petals where pages on
Which my tears wrote stories of their own.
No one will know how my heart used to flutter
With these butterflies everytime these cassia bloomed.
All my days had withered away like petals
On a flower, forever lost .
All my songs had drowned
In the deafening silence of the world.
Fallen from the arms of youth
Into the chalice of solace here I lay.
It was either the rain or my mother's tears
The ground was wet.
I could feel my father's hand on the ground.
I felt an eternity away from him,
Though all that kept us apart was this ground.
I wanted to reach out to him,
I wanted to break free,
But this cold body weighed me down.



# हेमपुष्पम् ।

Ann Maria Peter
37th batch

प्रातः काले तव मनाः उत्तेजकाः
उद्याने अनिशयेन शोभयति
सुखभानुकम् अहमेकम् हेमपुष्पम्।

सर्वे खेदा सुखे परिणयति
प्रेमम् प्रफुल्लति मनसः
मध्ये स्नेहम ददाति
अहमेकम् हेमपुष्पम् ।

सर्वे मां प्रेम्णा पश्यन्ति
सर्वेषां कृते साप्रिया भवति
अहमेकम् हेमपुष्पम् ।

किन्तु अहम् बहुदुःखिता भवामि
त्वम् मम माता घृणति
निर्दयता पूर्वकम् छित्त्वन्ति।

कंण्ठकपूर्णम भवति मम माता
तत् त्वम् व्यथयति
अतः अहम् इति वक्तुम् इच्छामि।

कंण्डक पूर्णम् भवति मम माता
सा कण्डका अहं संरक्षयति
सा कण्डका अहं जीवनं ददाति।

अतः प्रियजनाः द्वेष्टि विना
मम मातरम् प्रेमम् करोतु।
मम मातरम्  प्रेमम् करोतु ।।






Fathima Nasrin P
36th batch

# Unlocking Chat GPT:
# A Close Look at the Pros and Cons

In the digital age, ChatGPT, a smart language tool created by OpenAI, has taken center stage, offering both advantages and drawbacks. Let's delve into the practical side of this technological marvel without getting lost in fancy words.

On the positive side, ChatGPT acts like a 24/7 encyclopedia. It helps people, especially students, find information on almost anything. Got a tough homework question? Ask ChatGPT, and you might get the answer. This instant access to knowledge can be a game-changer for learners, making studying a bit less stressful.

Moreover, ChatGPT is like a virtual study buddy. It can explain complicated ideas in simpler terms, breaking down tough concepts so anyone can understand. Students struggling with their lessons can turn to ChatGPT for some extra help, making learning more accessible.

But, here's the catch. While ChatGPT is handy for quick answers, relying on it too much might not be the smartest move. It's like depending on a calculator for basic math – you might forget how to do it yourself. Some folks worry that always turning to ChatGPT could make people lazy learners, skipping the hard work of understanding things deeply.

Another concern is that ChatGPT might not always get things right. Imagine asking it a serious health question and getting the wrong advice. That's a real risk. It's essential to remember that ChatGPT doesn't know everything and can't replace human expertise.

Now, let's talk about language. ChatGPT can be a great help for people who struggle with words. It doesn't judge; it just helps you express your-

self better. This is fantastic for those who find it hard to communicate for various reasons, like language barriers or certain disabilities.



Yet, there's a flip side. Relying too much on ChatGPT might lead to weaker communication skills. It's like using autocorrect all the time – you might forget how to spell without it. This could impact how well people express their thoughts and feelings in real conversations.

Moving on to creativity, ChatGPT is a fantastic brainstorming partner. It can generate ideas for writing, art, or anything you need inspiration for. This creative boost is like having a virtual muse at your fingertips.

However, there's a warning here too. Depending solely on ChatGPT for creativity might stifle personal innovation. It's like using someone else's ideas instead of coming up with your own. Balancing the convenience of ChatGPT with personal creativity is crucial to avoid losing that unique touch.

In a nutshell, ChatGPT brings both blessings and challenges. It's a treasure trove of information and a reliable study companion. However, over-reliance might make us lazy learners and hinder our communication skills. It's a tool, not a magic wand, and understanding its limits is crucial.


As we navigate the era of ChatGPT, let's remember that technology is a tool, not a replacement for human abilities. It's up to us to use it wisely, embracing the advantages while being aware of the pitfalls. In the end, it's not just about what ChatGPT can do for us, but how we choose to use it in our journey of learning and communication.



# ചുവപ്പിന്റെ മുഖങ്ങൾ

Rahana Sathar
38th batch

വിളറി വെളുത്തൊരാ പ്രഭാതത്തിലേക്കു ഞാൻ
മുറിവേറ്റ മിഴികൾ തുറന്നു വച്ചു.
വികസിച്ചു പോങ്ങുമാ ധൂമങ്ങൾക്കൊപ്പമെൻ
സ്വപ്നങ്ങളൊക്കെ കരിഞ്ഞു നീങ്ങി.
വിറയാർന്ന കൈകളാൽ മുറുക്കിപ്പിടിച്ചെന്റെ
മാറോട് ചേർന്ന് ഉറങ്ങീടും കുഞ്ഞിനെ.
ചിന്നി ചിതറിയ കെട്ടിട സമുച്ചയങ്ങൾ!
പൊടിപിടിച്ച ഹൃദയവും പേറി ഞാൻ!
വിലപിക്കും ഈ നേരം വിജനമാം വഴിയിൽ ഞാൻ
ഈ നഗരത്തെയാകെ നോക്കി നിന്നു.
പൊട്ടിച്ചിതറിയ ഹൃദയങ്ങളൊക്കെയും
രക്തക്കറകളായി കെട്ടി നിന്നു.
വിസ്ഫോടനത്തിന്റെ ഞെട്ടിത്തരിപ്പിൽ നിന്നും
ഇനിയും മാറാത്ത ജഡക്കൂട്ടങ്ങൾ!!
രക്തച്ചുവപ്പേറും കണ്ണീരിനാർദ്രത ഒട്ടിപ്പിടിച്ച കവിൾ തടങ്ങൾ!!
തൻ കുടുംബത്തെ തിരഞ്ഞു പിടിച്ചിടും ഉറ്റവർ
ഒക്കെയും തളർന്നുപോയി.
കാണുന്നതൊക്കെയും മങ്ങിയ കാഴ്ചകൾ
കേൾവികളൊക്കെയും മൂളലുകൾ.
ഇവയൊക്കെ കണ്ട് ഞാൻ എൻ കൈത്തണ്ട നീക്കി
മാറിലെ കുഞ്ഞിനെ എടുത്തു നോക്കി.
ഇപ്പോഴും അവൾ ഉറങ്ങുകയാണ്! സമാധാനമായി
അതിർത്തികളില്ലാ ലോകത്തിൽ മൂകയായി.
ആരാണിന്നെൻ ഏകാന്തതയ്ക്കു കാരണം?
ചങ്ങലക്കെട്ടിൽ ബന്ധിച്ച തലച്ചോറിൻ ഉടമകളോ?
അതോ അധികാരമോഹങ്ങൾ ചീറ്റുന്ന
വിഷപ്പാമ്പിൻ കൂട്ടമോ?
പഴിചാരി മറിയുമ്പോൾ പഴുതുകൾ കെട്ടുന്നു..
പറയാതെ വെമ്പുന്ന ഹൃദയങ്ങൾ സാക്ഷി!
കണ്ണീരിൽ മുങ്ങിയ ഭൂമി സാക്ഷി!
മണ്ണിൽ പതിഞ്ഞ ചുടുരക്തം സാക്ഷി!
എരിഞ്ഞമർന്ന ജീവിതങ്ങൾ സാക്ഷി!
വറ്റിവരണ്ടിടും മനുഷ്യത്വം സാക്ഷി!
ഇനിയും പിറക്കാതെ പോകട്ടെ ഒരു ജീവനും
ആർക്കും കടക്കാനാകാത്ത അതിർത്തികൾ താണ്ടട്ടെ!!



# മോചനം

Vivek U S
36th batch

"അണപൊട്ടിയൊഴുകുന്നിതെൻ കണ്ണീർചോല,
കാതിലലമുറ മുത്തുന്നു.. കമ്പമേളങ്ങൾ !
വയ്യെനിക്കിനിയും സഹിക്കവെയ്യ...
ജന്തുക്കൾ, നിങ്ങൾ തൻ പീഢനങ്ങൾ...!"

"രാസപ്രമാണങ്ങൾക്കു രാമച്ചഗന്ധം പൂശി,
കാടിന്റെ മക്കളെ കൊന്നു തിന്നും, പിന്നെ
കാട്ടാള വേഷങ്ങൾ കെട്ടിയാടി... കരിമ്പനകൾക്കു
കാവലാം കാലത്തെ വേട്ടയാടി..."

"ഭ്രാന്തുപിടിച്ചവർ നിങ്ങളെന്റെ,
കാടാകുമമ്മയെ നഗ്നയാക്കി, വിറ്റുവിളമ്പി  !
കാടിന്റെ പുത്രനാം എന്നെ നിങ്ങൾ,
നാടിന്റെ കമ്പമായ് കെട്ടി വാഴ്ത്തി !"

'"തമ്പുരാൻ" ഇങ്ങനെ എഴുന്നള്ളിടുമ്പോൾ,
നിങ്ങൾ ജന്തുക്കൾ എൻ മനം അറിവതുണ്ടോ ?
മാപ്പെനിക്കേകുക, എൻ പരമ്പരകളെ,
ഈ ചങ്ങലക്കെട്ടു ഞാൻ ഉടച്ചിടട്ടെ !"

"കരയാനിനി വയ്യ കണ്ണുകളെ, നിങ്ങളും
എൻ വ്രണങ്ങളും, വേദനതിന്നിന്നു
മനം മടുത്തു...! കരയാതിരിക്കുക
കണ്ണുകളെ, ഇനി ഞാൻ രക്തഗന്ധം നുണഞ്ഞിടട്ടെ !"

"നീറുന്ന ഉള്ളൊന്നറിഞ്ഞിടാതെ, ചിലർ
കോലങ്ങൾ കെട്ടി ഇരിപ്പതെൻ മേനി യിൽ
പേരവർക്കിന്നു 'ദൈവദൂതർ!
മർത്യനവൻ, ഹാ! "മനുഷ്യത്ത്വ" മൂർത്തി താൻ!"

"കൗതുക  ചന്തയിൽ വിറ്റവരെന്നെ..
പട്ടവും ചുട്ടിയും ചാർത്തി നിർത്തി
ദേവപ്രീതിയെന്നോണം കാഴ്ച്ചകെട്ടി,
എന്റെ കണ്ണീരിൽ മുക്കി ആഘോഷമാടി!"

"പഞ്ചാരിയും പാണ്ടിമേളങ്ങളും ഇന്ന്
പന്തം കൊളുത്തുന്നിതെൻ മസ്തകത്തിൽ
ശാന്തമായുറങ്ങുമെൻ ബോധമണ്ഢലത്തിലും
വൈദ്യുത വലയങ്ങൾ നുരയിടുന്നു!"

"കാടാകുമമ്മെ, അനുഗ്രഹീതെ..
കൊണ്ടു പോകെന്നെ നീ, നിൻ മടിത്തടത്തിൽ
'മോചനം' തേടുന്നൊരെൻ ദേഹവും
ഭ്രാന്തു പിടിക്കുമെൻ ചിന്തകളും !"

"കൊല്ലാതെ വയ്യെന്റെ പാപികളെ,
നിങ്ങൾ നീച ജന്തുക്കൾ, ഹൃദയശൂന്യർ.
മാപ്പെനിക്കേകുക പിതൃഹസ്തങ്ങളെ
ഞാൻ ഇനി സ്വാതന്ത്ര്യമധുരം നുകർന്നിടട്ടെ !"

അങ്ങ് റഷ്യയിലും യുക്രേനിലും
പാലസ്തീനിലും മാത്രമല്ലടോ
യുദ്ധം നടക്കുന്നത്
ഇങ്ങ് ഇന്ത്യയിലും
നമ്മുടെ കേരളത്തിലും
നിന്റെ ചുറ്റിലും
നടക്കുന്നതിനേയെല്ലാം
മറ്റെന്ത് പേരിട്ട് വിളിക്കാനാ.....





Rahana Sathar
38th batch

# കല്ലിച്ച പാടുകൾ

നിർവികാരത്തോടെ ഭീതിപ്പടവുകൾ
ഒന്നൊന്നായി എണ്ണി ഞാൻ കയറി.
എൻ മനസ്സിന്റെ മരവിച്ച കണ്ണുകൾ
അമ്മയ്ക്കു നേരെ തിരിഞ്ഞു.
കണ്ണീർ കുടിച്ചു തടിച്ചൊരാ ചുണ്ടുകൾ
എന്തോ പതിയെ പിറുപിറുത്തു.
ചിതറി ഉരുണ്ടൊരാ മുത്തുകൾക്കൊപ്പമെൻ
ഓർമ്മകൾ പയ്യെ ഉരുണ്ടു നീങ്ങി.
അമ്മതൻ മാറത്തെ ചൂടെനിക്കിന്നെന്റെ
വിറച്ചിടും തണുപ്പിന്റെ നോവായൊതുങ്ങി

വിറങ്ങലിച്ചവശനായി ചുവരിൽ തല ചായ്ച്ചിടും
കണ്ണനെ! നിന്നെ ഞാൻ ഓർക്കുന്നു മൂകയായി.
ഈ കാലമത്രയും സ്നേഹം പകുത്തു നാം
തൊടിയിൽ കളിച്ചുനടന്നീലയോ?

പാതിയിൽ തീർന്നോരാ പ്രേമകഥയിലെ
വിലപിക്കും രക്തസാക്ഷിയാണിന്നു ഞാൻ!!
അച്ഛന്റെ കണ്ണിലെ ചോരചുവപ്പല്ലേ
എന്റയീ ദേഹിയിൽ പൊടിഞ്ഞീടുന്നെ?
സന്ധ്യനേരത്തച്ഛന്റെ മിഠായി കാത്തിരുന്നവൾ ഞാൻ
പക്ഷെ കിട്ടിയതാട്ടെ ചുടുചോരക്കറകളും!
ഒരു കത്തിമുനക്കുള്ളിൽ തീർത്തിടാനോ അച്ഛൻ
ഈ ജീവിതമത്രയും എന്നെ പോറ്റിയത്?

ഇരുമ്പഴിക്കുള്ളിൽ കഴിയുന്നെന്റച്ഛനെ
ഞാനിന്നു കാണുന്നു
ഇരുകണ്ണുകൾ നിറഞ്ഞൊരൻ അമ്മേയേയും !
പൊറുക്കണേ ദൈവമേ എന്നച്ഛനോട്
ഉണക്കണേ നീയെൻ ആത്മാവിൻ മുറിവുകൾ!!




# സുരക്ഷ

I Swathy Suresh
37th batch

സ്വന്തം ജീവ സുരക്ഷ പോലും മറന്ന് പ്രതിരോധത്തിലും ചികിത്സയിലും ശ്രദ്ധുയൂ ന്നുന്നവരാണ് ഓരോ ഡോക്ടർമാരും. കോവിഡിനെതിരെയുള്ള പോരാട്ടത്തിൽ പോരാളികളായി മാറിയ ഡോക്ടർമാരും നേഴ്സുമാരും മറ്റ് ആരോഗ്യ പ്രവർത്തകരും നില ഉറപ്പിച്ചത് നാം കണ്ടറിഞ്ഞതാണ്. അതുകൊണ്ടുതന്നെ ഈ ആരോഗ്യപ്രവർത്തകരെ സംരക്ഷിക്കേണ്ടത് ഒരു ജനതയുടെ ഉത്തരവാദിത്വമാണ്. നാം വീടുകളിൽ ഇരിക്കുമ്പോൾ പുറത്ത് ജനതയുടെ സൗഖ്യത്തിന് വേണ്ടി പ്രയത്നിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കടമ തന്നെ.

അടുത്തിടെ കേരള ജനതയെ മനുഷ്യമനസാക്ഷിയെ പിടിച്ചു കുലുക്കിയതായിരുന്ന ഒരു വാർത്ത. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കിടെ വനിതാ ഡോക്ടറെ ആക്രമി കുത്തി ക്കൊന്ന സംഭവം കേരളത്തെ ഞെട്ടിക്കുകയും കരയിപ്പിക്കുകയും ചെയ്തു. സമൂഹത്തിന്റെ ആരോഗ്യത്തിനുവേണ്ടി അക്ഷീണം പ്രയത്നിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കടമയാണെങ്കിലും അതല്ല ഇവിടെ നടക്കുന്നതെന്ന് വിളിച്ചു പറയുകയാണ് ഈ വാർത്ത. ഇങ്ങനെയുള്ള സംഭവങ്ങൾ ഉടലെടുക്കുന്ന കേരള ജനത,എങ്ങനെയാണ് ആരോഗ്യരംഗത്ത് ഒരു മാതൃകയാവണം എന്ന് പറയുന്നത്?

അതിക്രൂരമായ ഈ സംഭവത്തിന് തുടർന്ന് നാടെങ്ങും  കടുത്ത പ്രതിഷേധങ്ങൾ ഉടലെടുത്തു. ഇത്രയും അക്രമാസക്തമായ സാഹചര്യത്തിലാണോ ആരോഗ്യപ്രവർത്തകർ ജോലി ചെയ്യുന്നത്? ഉറക്കമില്ലാതെ രാപകലോളം പഠിച്ച നേടിയ ജോലിയും ജീവനും എന്ത് സുരക്ഷയാണ് ഇന്നുള്ളത്? സുരക്ഷാസംവിധാനങ്ങൾ ഒന്നും ഒരുക്കാതെ എങ്ങനെയാണ് ഒരു ജീവനെ ഇല്ലാതാക്കാൻ സാധിക്കുക?

വന്ദനയുടെ മരണം ഓർമിപ്പിക്കുന്നു. ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷ ഉറപ്പാക്കിയേ തീരൂ. ശാന്തവും സമാധാനപരവുമായ അന്തരീക്ഷീ ഇല്ലെങ്കിൽ ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും പ്രവർത്തിക്കാൻ ആവുകയില്ല

അവർക്ക് ഭയമറിയാതെ ജോലി ചെയ്യാൻ സംരക്ഷണം ഒരുക്കണം സംവിധാനം ഒരുക്കണം.

ജീവിതത്തിന്റെ വസന്തത്തിലേക്ക് കടന്നു പോകുമ്പോൾ തന്നെ ആയുസ്സ് തീർന്നു പോയവൾ, മകൾ നഷ്ടപ്പെട്ട മാതാപിതാക്കളോട് എന്താണ് പറയുക? ഇത്തരം ദുരന്ത മുഖങ്ങൾ ഇനിയും ഉണ്ടാവാതിരിക്കട്ടെ. ആരോഗ്യ പ്രവർത്തകർ ആക്രമിക്കപ്പെടുന്നില്ലെന്ന് സർക്കാർ ഉറപ്പുവരുത്തിയെ തീരു. ആയുസ്സ് പണയം വെച്ച് അവർ ആരോഗ്യസേവനം ചെയ്യുന്നതുകൊണ്ടാണ് നാം സൗഖ്യത്തോടെ ജീവിക്കുന്നതെന്ന് മറക്കാതിരിക്കുക. അതുകൊണ്ടുതന്നെ അവരുടെ ആരോഗ്യരക്ഷ കാത്തു സൂക്ഷിച്ചേ തീരൂ. ഇനിയും ഒരു ദുരന്തമുഖം ഉണ്ടാവാതിരിക്കട്ടെ!!

# മോർച്ചറിയിൽ നിന്നുള്ളൊരു കത്ത്



Amritha S
38th batch

നല്ല പേടിയുണ്ട് . ഇവിടെ ആകെ ഇരുട്ടാണ്. നല്ല മഴക്കാലത്തും ഫാൻ
ഇടുമ്പോ ഉമ്മ പറയൽ ല്ലേ ഇന്റെ മോൻ മോൻ എങ്ങനാ ഖബറിൽ കിടക്കാ
എന്ന്. പക്ഷേ ഇവിടുത്തെ തണുപ്പ് ഇന്ക് സഹിക്കാൻ വയ്യ. ചുറ്റിലും കുറെ പേർ വേ
റെയുമുണ്ട്. പ്രിയപ്പെട്ടവർക്കള്ള എഴുത്തിലാണവരും. ഇന്റെ മേലാകെ ചോര ആണ്
ഉമ്മാ... ഈ അവസ്ഥ ഞാൻ വരുത്തിയത് തന്നെയാണ്... ബാക്കിൽ വന്ന് ഹോൺ
അടിച്ചതിന് തുടങ്ങിയ ചെറിയൊരു വാക്ക് തർക്കമായിരുന്നു ..അയാൾക്കൊപ്പം
ഞാനും സ്പീഡ് കൂട്ടി. പക്ഷേ ഇന്റെ ബെക്കെ ഞാൻ പിടിച്ചടത്ത് കിട്ടിയില്ല.
പിന്നെയെല്ലാം പെട്ടന്നായിരുന്നു. ആരൊക്കെയോ ചേർന്ന് വാരിയെടുത്ത് ഇവിടെ
കൊണ്ടുവന്ന് കിടത്തി. ആംബുലൻസിൽ കയറ്റാൻ നേരം ഞാൻ ബെക്കെ നോക്കീ
നു അത് ആകെ കേടായ്ക്ക്. ഞാൻ വ്ടെ കെടക്കുന്നോണ്ട് ഇങ്ങള് ആരും ചീത്ത
പറയൂലല്ലോ.... ഇന്ന് പ്രശ്നം ണ്ടാക്കിയ ആളാണ് ഇന്റെ കൂടെ ആംബുലൻസിൽ
ഇണ്ടായിരുന്നത്. അയാളും ഇൻക് വേണ്ടി കരയാണ്. ഇന്ക് പ്രശ്നം ഇല്ല എന്ന്
പറഞ്ഞിട്ടും കരച്ചില് നിർത്തീല്ല... ഇന്ന് വെള്ളിയാഴ്ച ആണ്. ഞാൻ അത്രയും ആഗ്ര
ഹിച്ചതാണ് ഇന്ക് വെള്ളിയാഴ്ച മരിക്കണം എന്ന് പടച്ചോൻ അത് സാധിപ്പിച്ച്
തന്നു. ഇന്നത്തെ ഹുതുബ ഞാൻ അത്രയും ഇഷ്ടത്തോടെ ആണ് കേട്ടതും. അത്ര
യും ഇഷ്ടത്തോടെ ആണ് നിസ്കരിച്ചതും. അവസാനത്തെ ആവും എന്ന്
ഞാനും അറിഞ്ഞില്ല... മരിച്ചു കിട്ടിനെങ്കിൽ എന്ന് ഞാൻ ഇടക്ക് പറയൂലായ്നോ....
ഇപ്പോൾ എന്തോ ജീവിക്കാൻ ഒരു പൂതി പോലെ ഒക്കെ തോന്നാണ് ഉമ്മാ... പെങ്ങളെ
മക്കളെ ഒന്ന് കെട്ടിപ്പിടിച്ച് ദേശ്യം പിടിപ്പിക്കാനൊക്കെ... ഇന്റെ തൊട്ടപ്പറത്ത് ആരെ
യോ വെട്ടിക്കീറി എടുക്കുന്നുണ്ട്. അടുത്തത് ഞാനാണ് എന്നാ പറയണത്. ഇന്ക്
ഒന്നുല്ല. ഞാൻ പടച്ചോൻ വിളിച്ചിട്ട് പോകാണ്.

ഉമ്മാ....

ഉപ്പാ....

' ങ്ങള് പുറത്ത് ഇണ്ട് എന്ന് ഇന്ക് അറിയ... ഇങ്ങള് കരയണ്ട. ഞാൻ ഇങ്ങളോട് ഇട
ക്ക് പറയുമ്പോലെ... ഇങ്ങളെക്കാട്ടിലും ഇഷ്ടം മൂപ്പർക്ക് ഇന്നെ ആണ്. '



Arya. P
37th batch

# വിലക്കപ്പെട്ട മഴവിൽ വർണ്ണങ്ങൾ

LGBTQIA+, Queer, Pride എന്നീ വാക്കുകൾ നമുക്കെല്ലാം സുപരിചിതമാണ്. എങ്കിലും നമുക്കിടയിൽ LGBTQIA+ സമൂഹത്തിനെക്കുറിച്ചോ അവരുടെ അവകാശങ്ങളെക്കുറിച്ചോ, ജീവിതസാഹചര്യങ്ങളെക്കുറിച്ചോ കൃത്യമായ ധാരണ ഇല്ലെന്ന് വേണം പറയാൻ. LGBTQIA+ എന്നാൽ Lesbian, gay, bisexual, Transgender, Queer, intersex, Asexual എന്നാണെന്നു പോലും നമുക്ക് ധാരണയില്ല. ഭൂമിയിൽ നാം എല്ലാം മനുഷ്യരായി ജനിക്കുന്നു അതിൽ രണ്ടു ലിംഗങ്ങൾ ആൺ, പെൺ അതിൽ കൂടുതൽ ഒന്നും നമുക്കറിയേണ്ടതില്ല എന്ന നമ്മുടെ മാനസികതയിൽ മാറ്റം വരേണ്ടിയിരിക്കുന്നു. ആണിൽ നിന്നു പെണ്ണിൽ നിന്നും വിഭിന്നമായ കുറച്ചുപേർ അവർ സ്വന്തം അസ്ഥിത്വത്തെ തിരിച്ചറിഞ്ഞവരാണ്, സമൂഹത്തിന്റെ ചട്ടകൂടുകളെ പൊളിച്ചടക്കി പുറത്തുവന്ന അവരെ ഇപ്പോഴും മോശമായി ചിത്രീകരിക്കുന്ന ആളുകളാണ് നമുക്കിടയിൽ ഉള്ളത്

LGBTQIA+ സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അവരെ പറ്റിയുള്ള തെറ്റിദ്ധാരണകൾ ആണെന്ന് വേണം പറയാൻ. സമൂഹം പലപ്പോഴും ഈ അവസ്ഥയെ മാനസികരോഗമായി ചിത്രീകരിക്കാറുണ്ട്. ഒരു മനോരോഗ വിദഗ്ധനെ കണ്ടാൽ മാറാവുന്ന ഒരു പ്രശ്നമായി അവർ ഇതിനെ കണക്കാക്കുന്നു. ഇന്ത്യൻ സൈക്കാട്രിക്ക് സൊസൈറ്റി ഇത് ഒരു മാനസിക പ്രശ്നമല്ല എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള കാര്യമാണ്. പിന്നീടുള്ള മറ്റൊരു തെറ്റിദ്ധാരണ ഈ വിഭാഗത്തിലെ ആളുകൾ മൊത്തം ഭിക്ഷയാചിച്ചോ അല്ലെങ്കിൽ ലൈംഗിക തൊഴിലിൽ ഏർപ്പെട്ടോ ജീവിക്കുന്നവരാണ് എന്നതാണ്. ഇതൊരിക്കലും സത്യമായ വസ്തുതയല്ല. തങ്ങളുടെ വ്യത്യസ്തമായ ലൈംഗികത തിരിച്ചറിഞ്ഞ ആളുകളെ സമൂഹവും വീട്ടുക്കാരും മാറ്റി നിർത്തുമ്പോൾ അവർക്ക് ഇത്തരത്തിലുള്ള തൊഴിലുകളിൽ ഏർപ്പെടേണ്ടി വരുന്നു എന്നത് സത്യമാണ്, എന്നാലു ഭൂരിപക്ഷവും അങ്ങനെയല്ല. സുശാന്ത് ദിഗ്വിക്കർ, ഗൗരി സാവന്ത്, കൽക്കി സുബ്രഹ്മണ്യ, അഞ്ജലി അമീർ, ആദം ഹാരി ഇങ്ങനെ തങ്ങളുടെ മേഖലകളിൽ കഴിവു തെളിയിച്ച എത്രയേ വ്യക്തിത്വങ്ങളുണ്ട്

LGBTQIA+ വിഭാഗത്തിനോടുള്ള തെറ്റിദ്ധാരണ ഒരു പക്ഷേ അവരെക്കുറിച്ച് കൃത്യമായ അറിവ് സമൂഹത്തിൽ ഇല്ലാത്തതുകൊണ്ടാവാം.LGBTQIA+ എന്ന വാക്ക് അനേകം വാക്കുകളുടെ ഒരു സങ്കലനമാണ്. ഈ വാക്കിന്റെ പൂർണ്ണരൂപവും അതിന്റെ അർത്ഥതലങ്ങളും വിഷയമാക്കാം. 'L' എന്നത് Lesbian നെ സൂചിപ്പിക്കുന്നു, സ്ത്രീയോട് മാത്രം ലൈംഗികാകർഷണവും പ്രണയവും അനുഭവപ്പെടുന്ന സ്ത്രീയെ സൂചിപ്പിക്കുന്ന പദമാണ് Lesbian. സ്ത്രീയായി ജനിച്ച് അങ്ങിനെ തന്ന അറിയപ്പെടാൻ ആഗ്രഹിക്കുന്നവരും, പൂർണ്ണമായും സ്വവർഗലൈംഗികതയുള്ളവരാണ് ഇവർ. 'G' എന്നത് Gay യെ സൂചിപ്പിക്കുന്നു, പുരുഷനോട് മാത്രം ലൈംഗികാകർഷണവും പ്രണയവും അനുഭവപ്പെടുന്ന പുരുഷനെ സൂ

പ്പിക്കുന്ന പദമാണ് gay. പുരുഷനായി ജനിച്ച് അങ്ങിനെ അറിയപ്പെടാൻ ആഗ്രഹിക്കുന്നവരും, പൂർണ്ണമായും സ്വവർഗലൈംഗികതയുള്ളവരാണ് ഇവർ. 'B' എന്നാൽ Bi-sexual. സ്ത്രീകളോടും പുരുഷനോടും ലൈംഗികാകർഷണവും പ്രണയവും അനുഭവപ്പെടുന്ന സ്ത്രീകളേയോ പുരുഷനേയോ സൂചിപ്പിക്കുന്ന പദമാണ് Bisexual. സ്വവർഗലൈംഗികതയുള്ളവരാണ് ഇവർ. 'T' എന്നാൽ Transgender, ജന്മനായുള്ള ശാരീരിക ലിംഗവും മാനസികമായ ലിംഗത്വവും തമ്മിൽ വളരെയധികം വ്യത്യാസം അനുഭവപ്പെടുന്ന ന്യൂനപക്ഷ വിഭാഗമാണ് Transgender വ്യക്തികൾ. ആണായി ജനിച്ച് പെണ്ണായി മാറാൻ ആഗ്രഹിക്കുന്നവരും, പെണ്ണായി ജനിച്ച് ആണായി മാറാൻ ആഗ്രഹിക്കുന്നവരും എല്ലാം ഈ വിഭാഗത്തിൽപ്പെടുന്നു. 'Q' എന്നാൽ Queer, ലൈംഗിക ലിംഗ ന്യൂനപക്ഷങ്ങളെ ഒന്നായി സുചിപ്പിക്കാനായി ഉപയോഗിക്കുന്ന വാക്കാണ് Queer. 'I' എന്നാൽ Intersex, ലൈംഗിക പ്രത്യുല്പാദന അവയവങ്ങൾ പൂർണ്ണമായും സ്ത്രീയുടേയോ പുരുഷന്റെയോ അല്ലാത്തതോ അവ രണ്ടും ചേർന്നതോ, വ്യത്യസ്തങ്ങളായ ക്രോമസോം ഉള്ളവരോ ആയി ജനിച്ചവരാണ് InterSex. അവരുടെ ശരിയായ ലൈംഗിക ചായവ്, ലിംഗത്വത എന്നിവ പ്രായപൂർത്തിയാവുന്നതോടെ മാത്രമേ അറിയാനായി സാധിക്കൂ. 'A' എന്നാൽ Asexual, ലൈംഗികചേദനകൾ തീരെ ഇല്ലാത്തവരോ വളരെക്കുറച്ച് മാത്രം ഉള്ളവരോ ആയ ന്യൂനപക്ഷ വിഭാഗമാണ് Asexual എന്നറിയപ്പടുന്നത്. + എന്നത് ഇനിയും എത്രയോ വിഭിന്നമായ വിഭാഗങ്ങൾ ഇതിൽ ഉൾപ്പെടും എന്ന സൂചന നൽകുന്നു.

ഇന്ത്യയിലെ LGBTQ വിഭാഗങ്ങളുടെ നിയമപ്പോരാട്ടങ്ങളുടെ ചരിത്രം നമുക്കൊന്ന് പരിശോദിക്കാം. 186o ൽ ബ്രിട്ടീഷ് ഭരണക്കാലത്ത് ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 16 ആം വകുപ്പ് സെക്ഷൻ 377 പ്രകാരം സ്വവർഗരതിയെ പ്രകൃതി വിരുദ്ധമായി കണക്കായുകയും ക്രിമിനൽ കുറ്റമായി പ്രഖ്യാപിക്കുകയും ചെയ്തു. സ്വതന്ത്ര്യനന്തരം 1949 നവംബർ 26 ന് ആർട്ടിക്കൾ 14 പ്രകാരം തുല്യതക്കുള്ള അവകാശം നടപ്പിലാക്കിയെങ്കിലും സ്വവർഗരതി അപ്പോഴും ക്രിമിനൽ കുറ്റമായി തന്നെ തുടർന്നു. പതിറ്റാണ്ടുകൾക്കു ശേഷം 1992 ആഗസ്റ്റ് 11 ന് സ്വവർഗാനുരാഗികളുടെ അവകാശങ്ങൾക്കായി അറിയപ്പെടുന്ന ആദ്യത്തെ പ്രതിക്ഷേധം നടന്നു തുടർന്ന് 1999 ൽ കൽക്കട്ടയിലാണ് ഇന്ത്യയിലെ ആദ്യത്തെ ഗേ പ്രൈഡ് പരേഡ് നടന്നത്.

2009 ൽ Nazz fountation ഉം Delhi NCT സർക്കാരുമായി നടന്ന കേസിൽ ഉഭയ സമ്മതത്തോടുകൂടി നടന്ന സ്വവർഗരതിയെ ഒരു കുറ്റകൃത്യമായി കണക്കാക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ മാലികാവകാശങ്ങളുടെ ലംഘനമാണെന്ന നിഗമനത്തിൽ കൊണ്ടെത്തിച്ചു. 2015 അവസാനത്തിൽ ശശി തരൂർ MP സ്വവർഗരതി കുറ്റമല്ലാതാക്കാനുള്ള ബിൽ അവതരിപ്പിച്ചെങ്കിലും ലോക്സഭ അത് തള്ളി കളഞ്ഞു. 2014 ഏപ്രിൽ മാസം സുപ്രീം കോടതി transgender വ്യക്തികളെ അംഗീകരിച്ചു കൊണ്ടുള്ള സുപ്രധാന വിധി (നാൽസ) പുറപ്പെടുവിച്ചു. നാൽസ വിധി പ്രകാരം ഒരു വ്യക്തിയുടെ ജൻഡർ നിർണ്ണയിക്കേണ്ടത് ശാരീരികഘടന കൊണ്ടോ സ്ത്രീ പുരുഷ ലൈംഗിക അവയവങ്ങളുടെ സാനിദ്ധ്യം കൊണ്ടോ ആയിരിക്കരുത് മറിച്ച് മാനസിക വ്യാപാരത്തിന്റെ അടിസ്ഥാനത്തിലുള്ള സ്വയം നിർണ്ണയം ആയിരിക്കണം എന്ന് സുപ്രീം കോടതി വ്യക്തമാക്കി. ഇതുപ്രകാരം സ്ത്രീ പുരുഷൻ മാത്രമല്ലാതെ മറ്റൊരു ലിംഗമുണ്ടെന്ന് സുപ്രീം കോടതി അംഗീകരിക്കുക മാത്രമല്ല. ആർട്ടിക്കൾ 15 പ്രകാരം Right to dignity എല്ലാവർക്കുമായി നൽകുക കൂടി ചെയ്തു.

2017 ആഗസ്റ്റിൽ മുത്തുസ്വാമിയുടെ സുപ്രധാന വിധിയിൽ ഭരണഘടനയുടെ അടിസ്ഥാനത്തിലുള്ള സ്വകാര്യത മൗലികാവകാശമായി സുപ്രീം കോടതി ഉയർത്തി. ഇത് LGBTQ പ്രവർത്തകർക്ക് പുതിയ പ്രതീക്ഷകൾ നൽകി. 2018 സെപ്റ്റംബർ 6 ന് ആ സുപ്രധാന വിധി വന്നു. ഒരേ ലിംഘത്തിൽപ്പെട്ടവർ തമ്മിലുള്ള ഉഭയസമ്മതത്തോടുകൂടിയുള്ള ലൈംഗികബന്ധം കുറ്റക്കരമാകുന്നിടത്തോളം, 377 ആം വകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്നും സുപ്രീം കോടതി വിധിച്ചു. 377 വകുപ്പിനെതിരെയുള്ള പോരാട്ടം അതോടെ അവസാനിച്ചെങ്കിലും LGBTQ സമൂഹം അവരുടെ തുല്യതക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ തുടർന്നു കൊണ്ടേയിരുന്നു. 2o13 ഒക്ടോബർ 17 ന് വന്ന സുപ്രീം കോടതി വിധിയിൽ സ്വവർഗ വിവാഹത്തിന് നിയമസാധുത നൽകാൻ കഴിയില്ലെന്നും എന്നാൽ പങ്കാളിയെ തിരഞ്ഞെടുക്കാനുള്ള അവകാശം നൽകാം എന്നും വിധി വന്നു. അതേ സമയം പ്രത്യേക വിവാഹ നിയമം മാറ്റാനാവില്ല എന്നും സുപ്രീം കോടതി വിധിച്ചു. ഒപ്പം സ്വവർഗദമ്പതികൾക്ക് കുട്ടികളെ ദത്തെടുക്കാനുള്ള അവകാശങ്ങളും നൽകാനാവില്ല എന്ന വിധി അസ്വീകാര്യമാണ്.

ഇത്തരത്തിൽ അനവധി നിയമ പോരാട്ടങ്ങളുടേയും, കഷ്ടതകൾക്കും ഒടുവിലാണ് നാം ഇന്നു കാണുന്ന രീതിയിൽ ഈ വിഭാഗം നിലനിന്നു പോരുന്നത്, എങ്കിലും സമൂഹത്തിൽ ഇവരോടുള പെരുമാറ്റം മാറേണ്ടിയിരിക്കുന്നു. ഇപ്പോഴും മൂന്നാം കിടക്കാരായി ഇവരെ കണക്കാക്കുന്ന സമൂഹം ഇവരെ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. സിനിമ നമ്മുടെ ജീവിത രീതിയെയും കാഴ്ചപ്പാടുകളെയും മികച്ചരീതിയിൽ സ്വാധീനിക്കുന്നു. മുൻകാലങ്ങളിൽ ഇന്ത്യൻ സിനിമകളിൽ വിഭാഗത്തെ വളരെ മോശമായിട്ടാണ് ചിത്രീകരിച്ചിരുന്നത് അതിന് ഉദാഹരണമാണ് കൽ ഹോ ന ഹോ, ബോൽ ബച്ചൻ, ചാന്ത്പൊട്ട്, മുമ്പൈ പോലീസ് എന്നീ സിനിമകൾ.

എന്നാൽ ഇന്നത്തെ ഇന്ത്യൻ സിനിമ മാറ്റത്തിന്റെ പാതയിലാണ്, ഏവരും കൊതിക്കുന്ന മാറ്റം ഈ മേഖലയും കൈവരിച്ചിരിക്കുന്നു. ഇന്ത്യയിൽ ഒട്ടാകെ അനവധി ഭാഷക




ളിലായി LGBTQ വിഭാഗത്തെ അനുകൂലിച്ചുള്ള എത്രയോ സിനിമകൾ പുറത്തിറങ്ങി ശുബ് മംഗൾ സ്വാദാ സാവധാൻ, ബദായി ദോ, കപൂർ ആന്റ് സൺസ്, കാതൽ, ഞാൻ മേരിക്കുട്ടി എന്നീ സിനിമകൾ ഇതിനുദാഹരണമാണ്. LGBTQ വിഭാഗങ്ങൾക്കിടയിലുള്ള ആളുകളുടെ വിവാഹം, ദത്തെടുക്കൽ, വാടക ഗർഭധാരണം, ആരോഗ്യം എന്നിവയുമായി ബദ്ധപ്പെട്ട അവകാശങ്ങൾക്ക് ഊന്നൽ നൽകുന്ന യാതൊരു നിയമവും ഇന്ത്യയിൽ ഇപ്പോൾ ഇല്ല എന്നത് വളരെയധികം നിരാശാജനകമാണ്. ഈ മേഖലകളിൽ ഇന്ത്യക്ക് ഇനിയും ഒട്ടനവധി ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യൻ സമൂഹത്തിൽ ലിംഗ ഭേദമില്ലാത്ത ആളുകളോട് സ്വീകാര്യത നൽകുന്ന മാനസികാവസ്ഥ വളത്തിയെടുക്കാനുള്ള വിദ്യാഭ്യാസം നാം നൽകേണ്ടിയിരിക്കുന്നു. വൈവിധ്യമായ സംസ്കാരങ്ങളും മതങ്ങളും, ഭാഷകളും അധിവസിക്കുന്ന ഇടമാണ് ഇന്ത്യ, അങ്ങനെയുള്ള നമുക്ക് എന്ത്കൊണ്ട് വ്യത്യസ്തമായ ലിംഗ ഭേദമുള്ള ഈ കൊച്ചു സമൂഹത്തിനോട് ഇത്ര അസ്വീകാര്യത എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. നാം മാറ്റത്തിന്റെ പാതയിലാണ് എങ്കിലും നാം എത്രയോ ഇനിയും മാറേണ്ടിയിരിക്കുന്നു!





# വിഷാദം വമിക്കുന്ന ലാവെൻഡർ വിവാഹങ്ങൾ

കുട്ടിക്കാലത്ത്, പ്രണയവും വിവാഹവും കൈകോർക്കുമെന്ന് ഞാൻ കരുതിയിരുന്നു, എന്നാൽ ഇപ്പോൾ പ്രണയവും വിവാഹവും രണ്ട് വ്യത്യസ്ത ആശയങ്ങളാണെന്നും ചിലപ്പോൾ അവ നിലനിൽക്കില്ലെന്നും ഞാൻ മനസിലാക്കുന്നു.

എന്താണ് ലാവെൻഡർ വിവാഹം ?സാംസ്കാരികവും സാമൂഹികവുമായ സമ്മർദ്ദം ഒഴിവാക്കാനും ഘഏആഠഝ+ കമ്മ്യൂണിറ്റിയെ ചുറ്റിപ്പറ്റിയുള്ള കളങ്കം ഒഴിവാക്കാനും ഭിന്ന ലിംഗക്കാരല്ലാത്ത ദമ്പതികൾ (മിക്കപ്പോഴും ഒരു സ്വവർഗ്ഗാനുരാഗിയായ പുരുഷനും ലെസ്ബിയൻ സ്ത്രീയും) വിവാഹബന്ധത്തിൽ ഏർപ്പെടുന്ന കരാറാണിത്. വിവാഹത്തിന്റെ നിയമപരവും സാമ്പത്തികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള സൗകര്യപ്രദമായ മാർഗമായും ലാവെൻഡർ വിവാഹങ്ങളെ കണക്കാക്കാം.

സമീപ വർഷങ്ങളിൽ, ഒരു പുരുഷനെയും സ്ത്രീയെയും മാത്രമല്ല, ഒരേ ലിംഗത്തിലുള്ള ആളുകൾക്ക് വിവാഹ സ്ഥാപനത്തിൽ പ്രവേശനം അനുവദിക്കുന്നതിനായി നിരവധി നിയമങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. പല രാജ്യങ്ങളിലും സ്വവർഗ ബന്ധങ്ങളെ വെറുപ്പോടെ അംഗീകരിക്കുന്നുണ്ടെങ്കിലും, ലാവെൻഡർ വിവാഹങ്ങളുടെ വ്യാപനം മാറ്റമില്ലാതെ തുടരുന്നു. സാമൂഹികമായ തിരിച്ചടിയും സാംസ്കാരിക സമ്മർദ്ദവും ഒഴിവാക്കാൻ, പല സ്വവർഗ ദമ്പതികളും സ്നേഹം ഇല്ലാത്ത ഒരു ബന്ധത്തിലേക്ക് പ്രവേശിക്കുന്നു. ലാവെൻഡർ വിവാഹത്തിലേക്ക് പ്രവേശിക്കുന്നത് LGBTQ+ ജീവിതത്തെ വൈകാരികമായി ബാധിക്കും.

20ാം നൂറ്റാണ്ടിൽ, പ്രധാനമായും രണ്ടാം ലോകമഹായുദ്ധത്തിനു മുൻപാണ് ലാവെൻഡർ വിവാഹം എന്ന ആശയം രൂപപ്പെട്ടത് .സ്വവർഗരതിയോടും ഘഏആഠഝ+ സമൂഹത്തോടുമുള്ള സാമൂഹികമനോഭാവവും പൊതു മനോഭാവവും ഒരു സ്വവർഗാനുരാഗിയായ വ്യക്തിക്ക് സമൂഹത്തിൽ തന്റേതായ വ്യക്തിത്വം പ്രകടമാക്കുന്നത് തീർത്തും അസാധ്യകരമാക്കിയിരിക്കുന്നു.

ലൈംഗിക ആഭിമുഖ്യത്തെക്കുറിച്ച് തുറന്നുപറയാൻ കഴിയാത്ത ഹോളിവുഡ് നടിനടന്മാരുടെ ദാമ്പത്യ ജീവിതത്തെ സൂചിപ്പിക്കാനായി ഉപയോഗിച്ചിരുന്ന പദമാണ് ലാവെൻഡർ വിവാഹങ്ങൾ. തങ്ങളുടെ പൊതുജീവിതം നിലനിർത്താനും, സാമൂഹിക വിവേചനത്തിൽ നിന്നും വിദ്വേഷത്തിൽ നിന്നും സ്വയം പരിരക്ഷ നേടുന്ന

രണ്ടാന്തരം

തിനായി പല സെലിബ്രിറ്റികളും പ്രണയരഹിതമായ ലാവെൻഡർ വിവാഹങ്ങളിൽ പ്രവേശിച്ചിരുന്നു.

എല്ലാ ലാവെൻഡർ വിവാഹങ്ങളും വിവാഹമോചനത്തിലോ വേർപിരിയലിലോ ആണ് അവസാനിക്കുന്നത് . പലപ്പോഴും, ഈ ക്രമീകരണം ഒരാളുടെ വൈകാരികവും മാനസികവുമായ ആരോഗ്യത്തെ ബാധിക്കുമെന്നത് രേഖപ്പെടുത്തപ്പെട്ട ഒരു വസ്തുതയാണ്.

ഒരാളുടെ ലൈംഗിക ആഭിമുഖ്യം മറയ്ക്കുന്നതും മറ്റൊരു സ്വവർഗാനുരാഗിയായ വ്യക്തിയുമയി ഇരട്ട ജീവിതം നയിക്കുന്നതും, ഇത്തരം വ്യക്തികൾക്ക് വിഷമമുണ്ടാക്കുകയും അവർ എപ്പോഴും ഓടി ഒളിച്ചിരിക്കുകയാണെന്ന തോന്നലുണ്ടാക്കുകയും ചെയ്യും. ക്രമേണ, ഈ ദുരിതം വിഷാദം, ഉത്കണ്ഠ, വ്യക്തിത്വ പ്രതിസന്ധി എന്നിവയൊക്കെയായി പരിണമിക്കും.

മറ്റുള്ളവരെ അപേക്ഷിച്ച് LGBTQ+ വ്യക്തികൾ മാനസികാരോഗ്യ വൈകല്യങ്ങൾക്ക് കൂടുതൽ ഇരയാകുന്നു, അതിനാൽ ഒരു വ്യക്തിയുടെ മോശം മാനസികാരോഗ്യത്തിന് കാരണമാകുന്ന ഘടകങ്ങളിലൊന്നാണ് ലാവെൻഡർ വിവാഹം എന്ന് പറയുമ്പോൾ അതിശയിക്കാനാകില്ല.

പാരമ്പര്യവും പുരുഷാധിപത്യവും പിന്തുടരുന്ന ഒരു സംസ്കാരത്തിൽ, ഒരു പുരുഷനോ സ്ത്രീക്കോ അവരുടെ ലൈംഗികതയും ലിംഗപ്രകടനവും പരസ്യമായി അംഗീകരിക്കാൻ പ്രയാസമാണ്. ലാവെൻഡർ വിവാഹം എന്ന മുഖത്തിന് പിന്നിൽ യഥാർത്ഥ വ്യക്തിത്വം മറയ്ക്കാൻ നിർബന്ധിതരാകുമ്പോൾ, ലിംഗഭേദം പ്രകടിപ്പിക്കാനും സ്വയം അംഗീകരിക്കാനുമുള്ള സ്വാതന്ത്ര്യമാണ് നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

നിങ്ങളുടെ യഥാർത്ഥ വ്യക്തിത്വം സുരക്ഷിതമല്ലെന്ന് നിങ്ങൾക്ക് തോന്നുമ്പോൾ, നിങ്ങൾക്ക് എങ്ങനെ സന്തോഷകരവും ആരോഗ്യകരവുമായ ജീവിതം നയിക്കാനാകും? പരിഹസിക്കപ്പെടുമോ, നിരസിക്കപ്പെടുമോ, ഉപേക്ഷിക്കപ്പെടുമോ എന്ന ഭയത്തിൽ, ക്വിയർ വ്യക്തികൾ ഇത്തരം വിവാഹബന്ധങ്ങളിൽ ഏർപ്പെടുമ്പോൾ അവരുടെ മാനസികവും വൈകാരികവുമായ ആരോഗ്യത്തിന് കോട്ടം തട്ടുകയാണ് ചെയ്യുന്നത് . സമൂഹത്തിന്റെ ചിന്താഗതി പുരോഗമനപരമായ ഒന്നല്ല, മറിച്ച് ചില മേധാവിത്വങ്ങളുടെ കപടകരമായ ആശയങ്ങൾ മാത്രമാണ്...

**| Jacob Antony**
**38th batch**




യുദ്ധാതന്ത്ര മഹാകാലമേ
നിൻ വീഥിയിലങ്ങിങ്ങായ് പൂത്ത
പൊൻ പ്രഭാത രശ്മികൾ തൻ ഓർമ്മക്കായ്..

Swathy Suresh
37th batch

# നീതി



ഇക്കഴിഞ്ഞ ശിശുദിനം കൺ തുറന്നത് ഒരു സന്തോഷവാർത്തയോടെയാണ്. 'നിങ്ങൾക്കു നഷ്ടപ്പെട്ട മകളെ തിരിച്ചുനൽകാൻ കോടതിക്ക് കഴിയില്ല, നിയമത്തിനു നൽകാൻ കഴിയുന്ന പരമാവധി നീതി ഇതാണ്'. ആലുവയിൽ അഞ്ചു വയസുകാരിയെ പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസിൽ പ്രതി അസ്ഫാക്ക് ആലത്തിനു വധശിക്ഷ വിധിച്ചപ്പോൾ കേരള ജനസമൂഹം ഒന്നിച്ചു പറഞ്ഞു അഞ്ചുവയസുകാരിക്ക് നീതി ലഭിച്ചിരിക്കുന്നു. ആലുവ മാർക്കറ്റിനടുത്ത് പെരിയാറിന്റെ തീരത്തെ മാലിന്യ കൂമ്പാരത്തിൽ മുറിപ്പാടുകൾ നിറഞ്ഞ അവളുടെ ജഡം ചാക്കിൽ പൊതിഞ്ഞ നിലയിൽ കണ്ടെത്തിയ വാർത്ത കേരളത്തെ ഒന്നടങ്കം മുറിപ്പെടുത്തി. ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പോക്സോ നിയമം നടപ്പാക്കിയതിന്റെ പതിനൊന്നാം വാർഷിക ദിനത്തിൽ , ദേശീയതലത്തിൽ ശിശുദിനം ആചരിക്കുന്ന വേളയിൽ പ്രതിക്ക് തൂക്കുകയർ വിധിച്ചു. ബീഹാറിൽ നിന്നുള്ള പ്രവാസിതൊഴിലാളികുടുംബത്തിലെ അഞ്ചുവയസുള്ള കുട്ടിയെ വീട്ടുമുറ്റത്തുനിന്ന് തട്ടിക്കൊണ്ടുപോയി ക്രൂരമായി പീഡിപ്പിച്ച് ശ്വാസംമുട്ടിച്ച് കൊന്നതിനുശേഷവും ലൈംഗിക വൈകൃതങ്ങൾക്ക് ഇരയാക്കി, തിരിച്ചറിയാതിരിക്കാൻ മുഖം ചതച്ചു വികൃതമാക്കി പുഴയോരത്തെ മാലിന്യകൂമ്പാരത്തിൽ വലിച്ചെറിഞ്ഞ കേസിൽ ബിഹാർ സ്വദേശിയായ ഇരുപത്തെട്ടുകാരൻ അസ്ഫാക്ക് ആലമിന് വധശിക്ഷയ്ക്കു വിധിച്ചു. പോലീസും പ്രോസിക്യൂഷനും കോടതിയും ഉണർന്നു പ്രവർത്തിച്ചാൽ എത്ര വേഗത്തിൽ നീതി നടപ്പാക്കാൻ ആകും എന്നതിന് ഉത്തമ മാതൃക. ഇത്തരം ജീന കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ സമൂഹത്തിനു ഭീഷണിയാണെന്നും പിഞ്ചു കുഞ്ഞുങ്ങളോട് ഇത്തരം അതിക്രമങ്ങൾ കാട്ടുന്നവർക്ക് സമൂഹത്തിൽ തുടരാൻ അർഹതയില്ലെന്നും പ്രഖ്യാപിക്കുകയാണ്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളോട് ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും അനുവദിക്കാനാവില്ല. ഇത് പൊതു വികാരമാണ്. തൊഴിലാളികളും നാട്ടുകാരും നാട് മുഴുവനും ആ കുടുംബത്തെ ചേർത്തു പിടിച്ചത് മാനവികതയുടെ ഉദാത്ത മാതൃക.

രാജ്യത്ത് പോക്സോ നിയമം നടപ്പാക്കിയിട്ടും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് കുറവൊന്നുമില്ല. ദിനംപ്രതി റിപ്പോർട്ട് ചെയ്യുന്ന കേസുകൾ നിരവധിയാണ്. ഇതിനൊരു അറുതി വരട്ടെ. പോലീസിന്റെയും കോടതിയുടെയും സമഗ്രമായ പ്രവർത്തനങ്ങളും മറ്റും ഇത്തരം കുറ്റകൃത്യങ്ങളെ നീതിയുടെ മാർഗത്തിലെത്തിക്കട്ടെ. ഓരോ വിധിന്യായങ്ങളും മനുഷ്യമനസാക്ഷി നിറക്കുന്നതാകട്ടെ.





# INDIA TO SPACE

| Gaurav kumar
37th batch

*"Without your involvement you can't succeed
Without your involvement you can't fail"*

The above quote is a testimonial of India's rapid ascendence as a global fortune in space technology and exploration.Following the recent triumphant by soft landing of chandrayaan 3 in the lunar south pole by the ISRO making India as the fourth country to join the elite group of US, Russia and China. Following the reason success ISRO is praised for yet another monumental stride by the launch of the Aadhithya L1 mission.This historic mission is aimed at exploring the sun's corona,solar emission and solar wind.

But this achievement haven't come merely by praising a price, but due to the shear hardwork, determination and passion of our scientists. ISRO remarkable track record in a living testament to its accomplishment. The joining of ISRO began way back in 1962 under the visionary guidance of Dr.Vikramsarabhai. The aim of India's space endeavour was to harness space technology for national progress and development in scientific research and venturing into planetary exploration. India's success story of space is unmatched, way back 2k14_ after the Mars Orbital Mission Mangalyan made India the first country ever to do so in its maiden attempt. It is evident that India is charting a bold trajectory in space exploration. Through its historical timeline ISRO scripted numerous technological breakthroughs an initiative the launch of indigenous space faring activity.

Wholemarkness include the maiden flight of Aryabhatta in 1975, which etched India's foot printed into this space exploration. ISRO is renowned as a cost effective and successful space agency has become a defining tract on the global stage. Through a strategic innovation and matriculous planing, ISRO is constantly executing all its mission while maintaining affordability also.

Aveen Ragh
MTech(FMPE)

# എന്റെ മാത്രം..

ഒരുപാട് സ്വപ്നങ്ങളുമായിട്ടല്ല ഞാൻ ഈ കോളേജിലേക്ക് വന്നത്. പഠിക്കണം ജോലി വാങ്ങണം അത്രമാത്രം. പൊതുവേ അധികം ആരോടും സംസാരിക്കാത്ത എനിക്ക് വേറെ എന്ത് ആഗ്രഹങ്ങളാണ്. അന്ന് ആളെ കാണുന്നത് വരെ. ബാസ്ക്കറ്റ്ബോൾ കോർട്ടിൽ വെച്ചാണ് ആളെ ഞാൻ ആദ്യമായി കാണുന്നത്. ആദ്യം ഒരു കൗതുകമായിരുന്നു. വെറുതെ തോന്നിയ ഒരു കൗതുകം. ആരാണ് പേര് എന്താണ് ഒന്നും അറിയില്ല. ആരോടും ചോദിക്കാനും തോന്നിയില്ല. അധികമാരോടും ഇടപെടാത്ത ഞാൻ എങ്ങനെയാണ് ഈ കാര്യം കൂട്ടുകാരോട് ചോദിക്കുക.

ഒരു കൗതുകത്തിന് പുറത്താണ് ആളെക്കുറിച്ച് ഞാൻ അന്വേഷിച്ചിറങ്ങിയത്. അന്വേഷിക്കേണ്ടി വന്നില്ല അതിനുമുമ്പ് തന്നെ ആളുടെ പേര് കൂട്ടുകാരുടെ ഇടയിൽ കടന്നുവന്നു. ആള് എന്റെ സീനിയറാണ്, അതും ഫൈനൽ ഇയർ. സീനിയർ എന്ന ജാഡ കാണിക്കാതെ എല്ലാവരോടും ഇടപെടുന്ന ഒരാളാണ്. എല്ലാവരോടും സംസാരിക്കും പക്ഷേ എന്നോട് മാത്രം ഇതുവരെ മിണ്ടിയിട്ടില്ല. അല്ല അതിനു ഞാനും ആരോടും സംസാരിക്കാറില്ലല്ലോ. പതുക്കെ പതുക്കെ ആള് എല്ലാവരുടെയും ഫേവറേറ്റ് സീനിയർ ആയി മാറുകയായിരുന്നു. പക്ഷേ എനിക്ക് മാത്രം ആളൊരു സീനിയർ മാത്രമായിരുന്നില്ല. ക്ലാസ് കഴിഞ്ഞ് വരുമ്പോൾ എന്നും ആളാ എസ്എഫ്ഐ പോസ്റ്റിൽ ഉണ്ടാവും.

ക്ലാസ് കഴിഞ്ഞ് എന്റെ തിടുക്കത്തിലുള്ള ഓട്ടം ആളവിടെ ഇരിക്കുന്നത് കാണാൻ വേണ്ടിയാണെന്ന് ആർക്കെങ്കിലും മനസ്സിലാക്കിയിട്ടുണ്ടാകുമോ? അതിനു സാധ്യത കുറവാണ്.. എപ്പോഴും ഞാൻ ആലോചിക്കാറുണ്ട് അല്ല ആഗ്രഹിക്കാറുണ്ട് ആള് എന്നെ കാണാൻ വേണ്ടി ആയിരിക്കണേ അവിടെ ഇരിക്കുന്നതെന്ന്. എന്റെ പേരെങ്കിലും ഒന്ന് വിളിച്ചു ചോദിച്ചിരുന്നെങ്കിൽ. പക്ഷേ ഒന്നുമുണ്ടായില്ല. കൂട്ടുകാരൊക്കെ ആളെ കുറിച്ച് പറയുന്നത് അവര് പോലുമറിയാതെ ഞാൻ ശ്രദ്ധിക്കാറുണ്ടായിരുന്നു. എല്ലാവർക്കും ആളെ ഇഷ്ടമാണ്. പക്ഷേ എനിക്കല്ല. ആൾ എന്നോട് മാത്രം സംസാരിക്കാറില്ലലോ.അതെന്താ എന്നോട് മാത്രം സംസാരിക്കാത്തത്? ഞാനെന്താ ആളുടെ ജൂനിയറല്ലെ?? ആളുടെ ചിരി കാണാൻ നല്ല ഭംഗിയാണ്. ആളു പോലുമറിയാതെ എത്രയോ പ്രാവശ്യം ഞാനത് ശ്രദ്ധിച്ചിരുന്നു. നല്ല ഭംഗിയുള്ള താടിയാണ് അതുപോലെ ആ മീശയും. ഞാൻ കാണുന്ന സൗന്ദര്യം വേറൊരാൾക്കും തോന്നരുതേയെന്ന് ഒരുപാട് തവണ ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചിരുന്നു. ഈ ചിരിയും താടിയും മീശയും എന്റേതു മാത്രമായി മാറിയിരുന്നെങ്കിൽ. അപ്രതീക്ഷിതമായാണ് അന്ന് ഒരു ദിവസം ആൾ എന്നോട് വന്നു സംസാരിച്ചത്. എന്നോട് പേര് ചോദിച്ചു ഞാൻ പേര് പറഞ്ഞു. എന്നോട് സംസാരിച്ചപ്പോൾ തന്നെ ആൾക്ക് മനസ്സിലായിക്കാണും ഞാൻ അധികം സംസാരിക്കാത്ത ഒരാളാണെന്ന്.

ഇത്രയും ആഗ്രഹിച്ചു കിട്ടിയ ഒരു അവസരം ഞാനായിട്ട് തന്നെ കൊളമാക്കി. എന്നോട് എന്തൊക്കെയോ ചോദിച്ചു ഞാനാണെ അധികം മിണ്ടിയതുമില്ല. എന്റെ ഫോൺ നമ്പർ ആളുവാങ്ങി. പക്ഷേ അതിലൊരു അത്ഭുതമില്ല കാരണം കൂടെയുള്ള എന്റെ കൂട്ടുകാരുടെ നമ്പറും വാങ്ങിയിരുന്നു. ആളോടൊന്നും സംസാരിക്കാൻ കഴിയാതെപോയ വിഷമത്തിലാണ് ഞാൻ ഹോസ്റ്റലിൽ എത്തുന്നത്. ഫോണിൽ ഒരു മെസ്സേജ് വന്ന ശബ്ദം കേട്ട് ഞാൻ നോക്കിയപ്പോൾ ആളുടെ മെസ്സേജ്, ഹലോ...ഇത് എന്റെ നമ്പറാണ് സേവ് ചെയ്യണം.. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ എന്നോട് ചോദിക്കണം. എനിക്ക് എന്തെന്നില്ലാത്ത സന്തോഷമായിരുന്നു എന്തായാലും ആൾ എനിക്ക് മെസ്സേജ് അയച്ചലോ.

പക്ഷെ ആ സന്തോഷം അധിക നേരമുണ്ടായില്ല. എനിക്ക് മാത്രമല്ല എന്റെ കൂട്ടുകാർക്കും മെസ്സേജ് അയച്ചിരുന്നു. പക്ഷെ ഒരു കാര്യമുണ്ട് എന്നോട് മാത്രമേ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ചോദിക്കണമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നോളൂ. ആ ഒരു കാര്യം കൊണ്ടു മാത്രം അന്ന് എനിക്ക് ഒരുപാട് സന്തോഷമായി. അങ്ങനെ ആളുടെ നമ്പർ കിട്ടി. അങ്ങോട്ട് മെസ്സേജ് അയക്കണമെന്നുണ്ട്. പക്ഷെ എന്താണ് ചോദിക്കുക? എങ്ങനെ തുടങ്ങണം.. ആ ധൈര്യമെനിക്കുണ്ടായില്ല... ആളുടെ ഡിപിയിലെ ഫോട്ടോ എങ്കിലും കാണാൻ പറ്റുമെലോ അതുമതി. ആൾ ഒരു സ്റ്റാറ്റസ് ഇട്ടാൽ അതെന്താണെന്ന് കാണാതെ എനിക്ക് ഉറക്കംവരാറില്ല. അങ്ങനെ ദിവസങ്ങൾ കടന്നു പോയി ഞാനായിട്ട് മെസ്സേജ് അയക്കുകയോ സംസാരിക്കുകയോ ഒന്നും ചെയ്തിട്ടുണ്ടായിരുന്നില്ല. പക്ഷേ ആ ഒരു ദിവസം കഴിഞ്ഞതിൽ പിന്നെ ക്ലാസ് കഴിഞ്ഞു പോകുമ്പോൾ ആളെന്നെ നോക്കി ചിരിക്കാറുണ്ട്. ഞാനും നോക്കി ചിരിക്കും. ആ ഒരു ചിരിക്ക് വേണ്ടി മാത്രമാണ് ഞാൻ ആ വഴി പോയിരുന്നത്. ദിവസങ്ങൾ എത്ര പെട്ടെന്നാണ് കടന്നു പോകുന്നത് ഇന്ന് ആളുടെ ബാച്ചിന്റെ ഫെയർവെലാണ്. എന്റെ ഇഷ്ടം തുറന്നുപറയണമെന്ന് ആഗ്രഹമുണ്ട് പക്ഷേ അതിനുള്ള ധൈര്യം എനിക്കില്ല. ഓരോ ആളുകൾ വന്ന് സ്റ്റേജിൽ സംസാരിക്കുന്നുണ്ട് പക്ഷേ ഞാൻ ആ ഒരാൾക്ക് വേണ്ടി മാത്രമാണ് കാത്തിരുന്നത്. വയലറ്റ് നിറത്തിൽ തിളങ്ങുന്ന ഒരു ജുമ്പയും മുണ്ടുമാണ് ആൾ ഇന്ന് ഇട്ടിരുന്ന

ത്. കാണാൻ നല്ല  ഭംഗിയുണ്ടായിരുന്നു . കോളേജ് വന്ന അന്നുമുതൽ അവസാനം വരെയുള്ള കഥകൾ ഓരോന്ന് ഓർത്തോർത്ത് ആൾ പറയുന്നുണ്ടായിരുന്നു. ആ കഥക ളിലെവിടെയെങ്കിലും ഞാൻ ഒന്ന് കടന്നു വന്നിരുന്നെങ്കിൽ എന്ന് വെറുതെ ഒന്ന് ആഗ്രഹിച്ചു പോയി. കൂടെ നിന്നൊരു ഫോട്ടോ എടുക്കണം എന്ന് ആഗ്രഹമുണ്ടായിരുന്നു. പ ക്ഷെ ഒന്നും നടന്നില്ല. ഇന്നും ഒന്നും എനിക്ക് സംസാരി ക്കാൻ കഴിഞ്ഞില്ല.

വളരെ കുറച്ചു ദിവസങ്ങൾ മാത്രമേ ആൾ ഇനി ഈ കോളേജിൽ ഉണ്ടാവുകയുള്ളൂ. എന്താണ് ഞാൻ ചെയ്യേണ്ടത്? എന്ത് ചെയ്യണമെന്ന് എനിക്കറിയില്ല. നേ രിട്ട് പോയി സംസാരിക്കാനുള്ള ധൈര്യവുമില്ല. നാളെ യൂ ണിറ്റ് ഫെയർവെലാണ്.  മെമ്പർഷിപ്പ് പോലും എടുക്കാത്ത എന്നോട് നീ വരുന്നോയെന്ന് കൂട്ടുകാരി ചോദിച്ചപ്പോൾ ഒന്നും ആലോചിക്കാതെ വരുന്നുണ്ടെന്ന് മറുപടി നൽകി. ആളെ കാണാൻ കഴിയുമല്ലോ എന്നു മാത്രമേ ഞാൻ ആ ലാചിച്ചോളൂ.  കാണുമ്പോൾ നേരിട്ടു സംസാരിക്കാനുള്ള ധൈര്യം മനസ്സിൽ നിറച്ചു കൊണ്ടാണ് ഞാൻ അവിടെ ചെന്നത്. പക്ഷേ ആൾ എന്നെ ഒന്ന് നോക്കണ പോലുമു ണ്ടായില്ല. എന്റെ കൂട്ടുകാരോടൊക്കെ സംസാരിക്കുന്നു ണ്ട് കൂടെ നിന്ന് ഫോട്ടോ എടുക്കുന്നുണ്ട്. എന്നെ നോക്കി ഇടയ്ക്കെപ്പോഴോ ചിരിച്ചെന്നു തോന്നുന്നു അത്രമാത്രം. എന്തിനാണ് എന്നോട് മാത്രം ഇങ്ങനെ പെരുമാറുന്നത്.


എനിക്ക് വല്ലാതെ ദേഷ്യം തോന്നി. പിന്നെ അവിടെ നിൽ ക്കാനേ തോന്നിയില്ല ഞാൻ അവിടെ നിന്ന് ഇറങ്ങി ഹോ സ്റ്റലിൽ എത്തി. അന്ന് അത്രയും കാര്യമായിട്ട് എന്നോട് സംസാരിച്ചിട്ട് ഇപ്പോൾ എന്താണൊന്നും സംസാരിക്കാ ത്തത്. പിന്നെന്തിനാണ് എന്താവശ്യമുണ്ടെങ്കിലും ചോദി ക്കണമെന്ന് പറഞ്ഞു എനിക്ക് മാത്രം മെസ്സേജ് അയച്ചത്. എനി ക്കൊന്നും മനസ്സിലാവുന്നില്ല. അല്ല ശരിക്കും എല്ലാം എന്റെ മാത്രം തോന്നലുകളാണല്ലോ. മനസ്സിൽ ഒരു ദേഷ്യം തോന്നിയെങ്കിലും ഇന്നും ക്ലാസ് വിട്ടു വരുമ്പോൾ  ആളെ കാണാൻ വേണ്ടി ധൃതിയിൽ ഇറങ്ങി. പതിവുപോലെ തന്നെ ആൾ അവിടെ എസ്എഫ്ഐ പോസ്റ്റിലുണ്ടായിരുന്നു .

പക്ഷേ ഒരു മാറ്റമുണ്ടായി ആളുടെ കയ്യിൽ ഒരു ബാഗ് ഉണ്ടായി. എന്നെ കണ്ടപ്പോൾ തന്നെ എന്നെ നോക്കി ചി രിച്ചുകൊണ്ട് അടുത്തേക്ക് വന്നു. ആ ചിരി അതൊന്നു കാണാൻ വേണ്ടി മാത്രമായിരുന്നല്ലോ ഈ വഴിയിലൂടെ ഞാൻ പോയിരുന്നത്. അടുത്തുവന്നു നിന്നു എന്നോട് പറഞ്ഞു ഞാൻ പോവുകയാണ്.. എന്താണ് മറുപടി പറയേണ്ടതെന്ന് എനിക്കറിയില്ലായിരുന്നു. ഞാൻ അപ്പോ ഴും അധികമൊന്നും പറഞ്ഞില്ല ശരി കാണാമെന്ന് മാ ത്രം പറഞ്ഞു. അങ്ങനെ പറയാൻ മാത്രമാണ് എനിക്ക് അപ്പോൾ തോന്നിയത്...ആള് എനിക്ക് കയ്യും തന്നിട്ട് എന്ത് ആവശ്യമുണ്ടെങ്കിലും വിളിക്കണം എന്ന് മാത്രം പറഞ്ഞു കൊണ്ട് കോളേജിന്റെ പുറത്തേക്കുനടന്നു... ആ നിമിഷ വും ആളോട് കൂടുതലൊന്നും സംസാരിക്കാൻ ധൈര്യ മില്ലാതെ ഞാൻ അവിടെത്തന്നെ നിന്നു.  ആളാ കോളേജ് ഗേറ്റും കടന്നു പോകുന്നതും നോക്കിക്കൊണ്ട്...











നാല് പതിറ്റാണ്ടുകൾക്ക്
മുമ്പ് കേളപ്പജി ജീവൻ
പകർന്നൊരു കർഷക
ക്ഷേത്രം. ഓർമ്മകളെ
പുനർജനിപ്പിച്ച് നിളാ
തീരത്തെ കാറ്റിൽ ആടിയു
ലയുന്ന വാകമരച്ചില്ലകൾ.
വിദ്യയും കലകളും
പ്രണയവും സൗഹൃദങ്ങളും
പൂത്തുലഞ്ഞൊരീ
നമ്മളിടം.....



| Hiba Fathima
38th Batch



# دُنْيا

جَنَّةُ الدُّنْيا بِلادِي

حُبّهَا مِلْءُ فُؤَادِي

رِيحُهَا فِي كُلِّ وَادِ

حُسْنُهَا لِلْعَيْنِ بَادِ

فِي الصَّوَاحِي والْغَيَاضِ

فِي السَّوَاقِي وَالْحِيَاضِ

حُسْنُهَا لِلْعَيْنِ بَادِ

فِي السَّيَابِ الْمَاءُ يَجْرِي

بَيْنَ أعْشَابٍ وَزَهْرِ

فِي الشَّذا الْعِطْرِي يَسْرِي

حُسْنُهَا لِلْعَيْنِ بَادِ



# PRECISION AGRICULTURE

Precision agriculture is the art and science of utilising advanced technologies for enhancing crop production and minimizing potential environmental pollution/ degradation. This technology recognizes the inherent spatial variability that is associated with fields under crop production. Once the in-field variability (both, spatial and temporal) is recognized, located, quantified and recorded, it can then be managed by applying farm inputs in specific amounts at specific locations. Precision farming is amodern eco-friendly technology which offer openings to optimize yields and profits and reduces stress on natural resources, thereby leading to total quality management under heterogeneous and complex farming systems. The success of the precision farming system relies on the integration of these technologies into a single system that can be operated at farm level a sustainable manner.

The major difference between precision farming and conventional farming is in the level of management. Conventional farming is based on uniform treatments across a field following single piece land management strategy, whereas precision farming is based on micromanagement concept. The management of variability is the heart of precision farming.

Precision farming, which is also referred to as hi-tech farming, is known as technology enabled, information based and decision focused method offarming. Precision Farming Techniques Hi-tech agriculture uses the inputs most efficiently and judiciously to maximize productivity and profitability with minimum impact on soil and environment. Precision in terms of both time and quantity of inputs and agronomic practices envisages a prospect, which can help in decreasing the cost of production without having any adverse effect on soil and environmental health. Thus the intent of precision farming is to match agricultural inputs and practices to localized conditions within a field to do the right thing in the right place, at the right time and in the right way. Precision farming basically depends on measurement and understanding of variability. The accuracy in assessment of the variability, its management and evaluation in space-time continuum in crop production decides the success in precision farming.

Although water is a renewable resource, its availability in appropriate quality and quantity is under severe stress due to increasing demand from various sectors. Agriculture is the largest user of water, which consumes more than 80% of the country's exploitable water resources. While the irrigation projects (major and

medium) have contributed to the development of water resources, the conventional methods of water conveyance and irrigation, being highly inefficient, has led not only to wastage of water but also to several ecological problems like water logging, salinization and soil degradation making productive agricultural lands unproductive. It has been recognized that use of modern irrigation method like micro irrigation is the only alternative for efficient use of surface as well as ground water resources. Apart from the economic considerations, the adverse effect of injudicious use of water and fertilizers on the environment can have far reached implications.

Water availability for irrigation is going to be a major constraint for agriculture in the near future. Efficient management of available water resources is hence necessary for expanding the area under irrigation. In this context, micro irrigation has most significant role to achieve not only higher productivity and water use efficiency but also to have sustainability with economic use and productivity. Fertilizer use efficiency is less than 50 per cent in conventional practice of soil application. Efficient use of available irrigation water is essential for increasing agricultural productivity for the ever increasing population. This necessitates scientific management of available water resources, particularly in agricultural sector. Sustainability of any system requires optimal utilization of resources such as water, fertilizer and soil.

The changing agricultural scenario of Kerala encourages more investment and horticulture is moving from rural confines to commercial ventures, which has proved to be intellectually satisfying and economically rewarding and hence has started attracting educated youth as well. In addition to the efficient utilization of natural resources, horticultural crops are highly remunerative too. The major components of precision farming include micro irrigation, fertigation, plastic mulching, crop geometry and integrated pest and disease management (IPDM).

1.Micro Irrigation The development of irrigation is given top priority in Indian economy as agriculture contributes to about 50% of the Gross National Product. The surface irrigation methods, which is widely practiced in India leads to enormous loss of water due to seepage and evaporation. This is due to poor distribution of water in farm due to inadequate land preparation and lack of farmer's knowledge in the application of water, which leads to excess application and deep percolation losses. Generally, under surface irrigation methods, only less than one third of the water released reaches the plants.

The unscientific use of water has resulted not only in wastage of water but also has caused soil erosion, salination and water logging, which ultimately degraded the quality of the two basic natural resources- soil and water. Efficient use of available irrigation water is essential for increasing agricultural productivity for the alarming Indian population. Sustainability of any system requires optimal utilization of resources such as water, fertilizer and soil. To bring more area under irrigation, it has become necessary to introduce micro irrigation for economizing the use of water and to increase productivity per unit of water. Micro irrigation is a method of slow and frequent applications of water to the soil near the plants through a low pressure distribution system and special flow control outlets. It can be considered as an efficient irrigation method, which is economically viable, technically feasible and socially acceptable. It is the slow and regular application of water directly to the root zone of the plants through a network of economically designed plastic pipes and low discharge emitter.

It enables watering the plants at the rate of its consumptive use thereby minimizing the losses such as deep percolation, runoff and soil evaporation. These systems deliver water to individual plants or rows of plants. The outlets are generally placed at short intervals along small tubing and unlike surface or sprinkler irrigation, only the soil near the plant is watered. The characteristics of micro irrigation are as follows:

*Water is applied at a low rate

*Water is applied over a long period of time

*Water is applied at frequent intervals

*Water is applied near or into the plant root zone

*Water is applied through a low pressure delivery system (1.0 to 2.0 kg/cm2 ) Advantages of Micro Irrigation

*Increased beneficial use of available water

*Enhanced plant growth and yield.

*Retarded weed growth.

*Improved application of fertilizers.

*Decreased energy requirement.

*Reduced operational labour.

*Suitable for irrigating hilly terrain and problem soils.

The major types of micro irrigation systems are as follows:

**i) Drip Irrigation**

Drip irrigation is an efficient method of providing irrigation water directly into the soil at the root zone of plants and it permits to limit the watering closely to the consumptive use of the plants. Drip irrigation minimizes conventional losses such as deep percolation, runoff and soil evaporation. In drip irrigation system emitters and laterals are laid on the ground surface along the rows of crops. The emitting devices are located in the root zone area of trees. The cost of drip irrigation systems is reasonable on wide-spaced crops such as trees. The closer the crop spacing, the higher the system cost per acre.



**ii) Bubbler Irrigation**

In bubbler irrigation, water is applied to the soil surface as a small stream or fountain. Bubbler systems do not require elaborate filtration systems. These are suitable in situations where more water need to be applied in a short period of time and suitable for irrigating trees with wide root zones and high water requirements. Discharge rates are generally less than 225 lph.



**iii) Micro Sprinkler**

These are small plastic sprinklers with rotating spinners. The spinners rotate with water pressure and sprinkle the water. These are available in different discharges and diameters of coverage and can operate at low pressure in the range of 1.0 to 2.0 kg/cm2. Water is given only to the root zone area as in the case of drip irrigation and not to the entire ground surface as done in the case of sprinkler irrigation method.

**iv) Spray Jet**

The spray pattern of jets results in fine droplets with uniform distribution. Jets are mainly used to maintain adequate micro environment in the canopy area. They can be used to irrigate orchards, nurseries, vineyards, green houses and delicate plants such as flowers, vanilla etc. Matured large trees having wide spread root zone can also be irrigated using jets. The spray pattern is either full circle or half circle.



**v) Fogger**

Foggers are recommended for orchards and greenhouses requiring a fine mist spray for humidity control. They are suitable for crops which need to maintain micro climate in the canopy area. They are simple in construction and have no moving parts. The spray pattern is misty and the droplets are very fine.

**2. Fertigation**

Simultaneous application of water soluble fertilizers (plant nutrients) and water through an irrigation system is called fertigation. It enables precise periodic application of water soluble fertilizers along with irrigation water and is an eefficient and precise method of application of inputs and provides good environmental stewardship. Fertigation saves water, energy and nutrients. With drip/pressurised irrigation fertigation is not optional but absolutely necessary. Fertigation is a method of fertilizer application in which fertilizer is incorporated within the irrigation water by the drip system and the fertilizer solution is distributed evenly through irrigation. S the availability of nutrients is very high, the efficiency is more. In this method liquid fertilizer as well as water soluble fertilizers are used. Through this method, fertilizer use efficiency can be increased upto 8w to 90 per cent. Its advantages include:

*Uniform application of fertilizers

*Placement in root zone

*Quick and convenient method

*Saves fertilizer

*Frequent application is possible

*Possibility of application in different grades to suit the stage of crop

*Micronutrients application along with NPK

*Saves groundwater from pollution

**3. Plastic mulching**

Mulching refers to the practice of covering the plant root zone (plant basin) with some materials to prevent the evaporation loss. In traditional farming organic mulch, mainly the residue of previous crops are used. This may contain all sorts of disease causing organisms and is not permitted in precision farming. In precision farming, hybrid or high yielding varieties are mostly used, which have less resistance to pest and disease infestation when compared to local cultivars. Also in precision farming the crop root zone always remain under moist condition due to the adoption of micro irrigation and under this condition, if organic mulch is applied, it may totally damage the crop. Hence in precision framing it is always recommended to go for plastic mulching, which can enhance the water use efficiency and fertilizer use efficiency. The plastic mulching in addition to prevention of

evaporation loss, helps to maintain the soil structure and regulates the soil temperature, which is essential for effective microbial activity. Plastic mulching completely eliminates the weed growth and prevents the leaching of nutrients during heavy rainfall

**4. Crop Geometry**

Crop geometry refers to the practice of maintaining optimal crop to crop and row to row spacing, in order to accommodate maximum number of seedlings in the available land area. It is also referred to as high density planting.

**5. Integrated Pest and Disease Management**


Integrated pest and disease management (IPDM) is an ecosystem-based strategy that focuses on long-term prevention of pests or their damage through a combination of techniques such as biological control, habitat manipulation, modification of cultural practices and use of resistant varieties.



**Conclusion :** Scientific method of cultivation and judicious use of inputs, especially of water, is called upon to make farming cost competitive. Keeping in view of acute water scarcity in many basins, efforts were made to introduce most efficient micro irrigation system at farms around 1970. Through the good management of micro irrigation systems, the root zone water content can be maintained near field capacity throughout the season providing a level of water and air balance close to optimum for plant growth. In addition, nutrient levels, which are applied with water through the system (fertigation), can be controlled precisely. Fertigation gives successful results in terms of yield, saving in fertilizer and improvement in quality of the produce. During the dry season in humid areas, micro irrigation can have a significant effect on quantity and quality of yield, pest control and harvest timing.

Kerala is frequently facing severe droughts followed by acute water scarcity for the last two decades. The major consumer of water resources is irrigation with about 65 % of the total water resource is being used by this sector. Precision farming is one of the most scientific and modern approaches to sustainable agriculture that has gained momentum towards the end of 20th century. Precision farming actually is the application of technologies and principles to manage spatial and temporal variability associated with all aspects of agricultural production. Precision farming is a system for better management of farm resources, which offers a variety of potential benefits like profitability, productivity, sustainability, crop quality, food safety, environmental protection, on-farm quality of life and rural economic development. This scenario forces us to think about efficient irrigation system like micro irrigation combined with fertigaion to have more crop per drop. Precision farming envisages increased profit and sustainability, improved product quality, effective and efficient pest management, surface and ground water protection and energy, water and soil conservation. Hence precision farming can be considered as the future of energy, soil and water conservation and food security.

**Dr. Abdul Hakkim V.M.**
**Professor, Department of SWCE**




I Navya Ankita Anand
38th batch

# आन्तरराष्ट्रीय भरड़ वर्ष- २०२३

युनाइटेड नेशनस् आमसभेने २०२३ हे बाजरीचे आंतरराष्ट्रीय वर्ष म्हणून घोषति केले। भरड धान्य हे धान्य अत्यन्त पौष्टकि आहार आहे। त्याचे सेवन केवळ अमचे रक्तातील शुगर लेवल आणि ट्रिायग्लसिराइड्स प्रमाणात घट होत, ज्यामुळे हृदय वकिार आणि रिक्त वाहन्यिा सम्बन्धी रोग टकतात। ते फायबरमध्ये समृद्ध असल्याने ते पाण्याचे शोषण देखील वाढवू शक्ते।हे सर्व बाजरीचे आरोग्यदायी फायदे आहेत परंतु २०२३ हे बाजरीचे वर्ष म्हणून घोषति करण्याचे महत्त्वाचे कारण म्हणजे हे कमी पाण्यात आणि हलक्या जमनिीत घेतले जाणारे पौष्टकि पीक असून रोग प्रतकिारशक्ती जास्त आहे।

भरड धान्य नयिमति पेरल्यामुळे जमनिीतील नत्राचे(ni-trogen) प्रमाण वाढून मातीची पोत ब्र्यापैकी सुधारतो। हो धान्ये पाळीव तसेच मुक्त पशु पक्ष्यांचे आवडते खाद्य असून या करणाने जैववविधिता खूब वाढते। तांदूक आणि गव्हाच्या वपिरीत, ज्यांना खते आणि पाण्याच्या दृष्टीने अनेक इनपुटच्या आवश्यकता असते, बाजरी साधन व सम्पत्तच्यिा कमतिकमी प्रयोग वाढतात। ते थण्ड दूष्टकाक आणि खारटपणाला देखील प्रतरिोधक अस्तात आणि म्हणून कोरड्या जमनिीत लागवडीसाठी योग्य अस्तात|
बाजरी हा मानवजातीला ज्ञात असलेल्या सर्वात जुन्या अन्नापैकी एक आहे| ते खनजि आणि विनस्पती आधारति पोषक (फायटो-पोषक) समृद्ध आहेत| लग्निन्स हे बाजरीमध्ये असलेले एक आवश्यक फायटो-पोषक आहे जे हृदयरोगाचा धोका कमी करण्यास मदत करते। मोती बाजरी अघुलनशील फायबरमध्ये समृद्ध असतात आणि चांगले पचन करण्यास मदत करतात आणि त्यांच्या कर्करोगवरिोधी गुणधर्मांसाठी देखील ओळखले जातात। फॉक्सटेल बाजरीमध्ये केवळ मॅग्नेशयिम समृद्ध नाही जे रक्तदाब पातळी नयिंत्रति करण्यास मदत करते, त्यामध्ये लोह आणि कॅल्शयिम देखील जास्त असते जे रोग प्रतकिारशक्ती वाढवण्यिास मदत करतात| दुसरीकडे, ज्वारी हा बाजरीचा ग्लूटेन-मुक्त प्रकार आहे जो सेलआिक रोगाने ग्रस्त असलेल्यांसाठी फायदेशीर आहे| एकंदरीत, बाजरी हे लहान पॉवर-पॅक पोषक पदार्थ आहेत आणि निरोगी जीवनशैलीसाठी आवश्यक आहेत।

"बाजरी महत्त्वाची भूमकिा बजावू शकते आणि लिहान शेतकर्यांना सक्षम बनवण्यासाठी, शाश्वत वकिास साधण्यासाठी, भूक दूर करण्यासाठी, हवामान बदलाशी जुळवून घेण्याच्या, जैववविधितेला प्रोत्साहन देण्यासाठी आणि कृषी खाद्य प्रणालीमध्ये परविर्तन करण्यासाठी आमच्या सामूहकि प्रयत्नांमध्ये योगदान देऊ शकते |" एफ्. ए. ओ. डायरेक्टर जेनेरल क्यू डोंग्यू



# Agricultural Engineer from Kerala

അഗ്രികൾച്ചറൽ എൻജിനീയറിങ് പഠിക്കുന്ന വിദ്യാർത്ഥിയാണ് ഞാൻ.

എന്റെ ജീവിതത്തിൽ ഞാൻ ഏറ്റവും കൂടുതൽ ഉത്തരം നൽകിയ ചോദ്യം.

ഏതാ കോഴ്സ്?

Btech agricultural engineering

അഗ്രികൾച്ചറിനും ബി ടെക് ഉണ്ടോ ബിഎസ്സി മാത്രമല്ലേ ഉള്ളത്?

ഇതിന് ഉത്തരം പറഞ്ഞു മടുത്തു എന്നാലും കേട്ടോ

ഇവിടെ ഈ കേരളത്തിൽ ബിടെക് അഗ്രികൾച്ചറൽ എൻജിനീയറിങ് എന്ന കോഴ്സും ഉണ്ട്

വിദ്യാസമ്പന്നരെ കൊണ്ടു നിറഞ്ഞ ഈ കൊച്ചു കേരളത്തിലെ ഏക കാർഷിക എൻജിനീയറിങ് കലാലയമാണ് മലപ്പുറത്തെ മലനിരകൾക്കിടയിൽ നിളയുടെ തീരത്ത് തവനൂരിൽ സ്ഥിതിചെയ്യുന്ന കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ടെക്നോ ളജി അഥവാ KCAET. സ്വാതന്ത്ര്യ സമര സേനാനിയും കേരള ഗാന്ധിയുമായ കെ.കേളപ്പന്റെ പേരിൽ അറിയപ്പെടുന്ന ഈ സ്ഥാപനം അവിടെ പഠിച്ചവർക്കും പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും ചുറ്റുമുള്ള കുറച്ച് നാട്ടുകാർക്കും മാത്രമേ അറിയത്തുള്ളൂ കേട്ടോ, പിന്നെ ഗൂഗിളിനും അറിയാം.

കോഴ്സിനെയും കോളേജിനെയും കുറിച്ച് അറിഞ്ഞു കഴിഞ്ഞാൽ പിന്നെയുള്ള ചോദ്യം ഈ അഗ്രികൾച്ചറിൽ ബിഎസ്സിയും ബിടെക് തമ്മിലുള്ള വ്യത്യാസം എന്താ എന്നുള്ളതാണ്.

ഞങ്ങൾ കർഷകർക്ക് വേണ്ടി പ്രവർത്തിക്കാൻ കഴിവുള്ള എഞ്ചിനീയേഴ്സ് ആണ്. കേരളമെന്ന് കേൾക്കുമ്പോൾ തന്നെ നെൽപ്പാടങ്ങളും കൃഷിയിടങ്ങളും ആണ് എപ്പോഴും എല്ലാവരുടെ മനസ്സുകളിലും ഓടിയെത്തുക. എന്നാൽ ഇന്ന് കൃഷിയിടങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള കാരണങ്ങൾ പ്രധാനമായും അത്യുൽ പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗക്കുറവ്, അധികമായി തൊഴിൽ വേദന, അനുയോജ്യമായ വിത്തുകളുടെ അഭാവം, ശാസ്ത്രീയ കൃഷി മുറകൾ അനുവർത്തിക്കുന്നതിലെ അലംഭാവം, ജലസേചന നിർഗമന സൗകര്യങ്ങളിലെ പോരായ്മ, ജലപരിപാലനത്തോടുള്ള അലംഭാവം തുടങ്ങിയവയാണ്.

ഇതിൽ ആറിൽ നാലു പ്രശ്നങ്ങൾക്ക് മാർഗം കണ്ടെത്താൻ പൂർണ്ണമായും സാധിക്കുന്നവരാണ് ഈ അഗ്രികൾച്ചറൽ എൻജിനിയേഴ്സ്.

കൃഷിയിൽ വെറും സയൻസ് മാത്രമല്ല മറിച്ച് കൂടുതൽ വേണ്ടത് എൻജിനീയറിങ് തന്നെയാണ്. ഒരു വീട് വെക്കാൻ നമ്മൾ ഒരിക്കലും ബി. എസി മാക്സ് പഠിച്ചവരെയല്ലല്ലോ വിളിക്കാറ്; സിവിൽ എഞ്ചിനീയറിനെ തന്നെയല്ലേ വിളിക്കുന്നത്. അതുപോലെ ഒരു വീട്ടിൽ ഇലക്ട്രിക്കൽ കണക്ഷൻസ് കൊടുക്കാൻ ബിഎസ്സി ഇലക്ട്രോണിക്സ്കാരനെ അല്ലല്ലോ വിളിക്കാറ് ബിടെക്. ഇലക്ട്രോണിക്സ് കാരനെ തന്നെയല്ലേ വിളിക്കാറ്. അതുപോലെതന്നെയാണ് കൃഷിക്ക് വേണ്ടി അഗ്രികൾച്ചറൽ എൻജിനിയേഴ്സ്. ഒരു കൃഷി ചെയ്യാൻ തുടങ്ങുമ്പോൾ ആ ചെടിക്ക് വേണ്ടുന്ന ഘടകങ്ങളെ കുറിച്ച് മാത്രം അറിഞ്ഞതുകൊണ്ട് വിളവുണ്ടാകില്ല മറിച്ച് അതെങ്ങനെയാണ് നിലത്തിൽ വിതച്ച് കൂടുതൽ വിളവ് തരുന്ന രീതിയിൽ ചെയ്തെടുക്കാം, ജലത്തെയും മണ്ണിനെയും ഫലപ്രദമായി ഉപയോഗപ്പെടുത്താം, ഒരുപാട് ചിലവും സമയം ഉണ്ടാക്കുന്ന ജോലികൾ വളരെ ലളിതമായി ഉപകരണങ്ങളും യന്ത്രങ്ങളും ഉപയോഗിച്ച് എങ്ങനെ ചെയ്തെടുക്കാം, വിളവെടുപ്പിന് ശേഷം വിളകൾ എങ്ങനെ കൈകാര്യം ചെയ്യണം, ചന്തയിൽ എത്തിക്കണം, നാളെക്കായി സംരക്ഷിച്ചു വെക്കണം എന്നിങ്ങനെയുള്ളവയെല്ലാം അറിയണം. ഇതെല്ലാം പറഞ്ഞു കൊടുക്കുവാൻ വിളകളെക്കുറിച്ച് മാത്രം പഠിച്ചവനോ അല്ലെങ്കിൽ നിർമ്മാണത്തെക്കുറിച്ച് മാത്രം പഠിച്ചവനോ, പൊ തുവായി യന്ത്രങ്ങളെ കുറിച്ച് പഠിച്ചവനോ കഴിയില്ല . വ്യക്തമായി കൃഷി രീതികളെ കുറിച്ചും ജല മൺ സംരക്ഷണത്തെക്കുറിച്ചും ജലസേചന നിർഗമന പ്രവർത്തികളെ കുറിച്ചും കാർഷിക യന്ത്രങ്ങളെക്കുറിച്ചും വളരെ വ്യക്തമായി പഠിച്ചവർക്ക് മാത്രമേ കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ. അങ്ങനെ പഠിച്ചവരാണ് അഗ്രികൾച്ചറൽ എൻജിനി യേഴ്സ്.

എന്നാൽ ഈ അറിവുകൾ എല്ലാം ശരിയായ രീതിയിൽ കർഷകരിലേക്ക് എത്തിക്കാൻ ഞങ്ങൾക്ക് കഴിയുന്നില്ല , അങ്ങനെയല്ല ഞങ്ങളെ അനുവദിക്കുന്നില്ല; എന്നതാണ് ഉചിതമായ വാക്ക്. ഗവൺമെൻറ് നടത്തുന്ന കോളേജിലെ കോഴ്സുമായി പഠിച്ചിറങ്ങുന്ന ഞങ്ങൾക്ക്, ഗവൺമെന്റിന്റെ കീഴിൽ ജോലിക്കായി ഒരു ഡിപ്പാർട്ട്മെൻറ് പോലുമില്ല.

കേരളം ഒഴിച്ച് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും കാർഷിക എൻജിനീയർമാർ വലിയ തോതിലാണ് സേവനമനുഷ്ഠിക്കുന്നത്. ഉദാഹരണത്തിന് നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, soil and water കൺസർവേഷൻ, LSGD, LADA ,ഗ്രൗണ്ട് വാട്ടർ, river valley പ്രൊജക്റ്റ് തുടങ്ങിയ വകുപ്പുകളിൽ ഏകദേശം 2500 ,യൊളം കാർഷിക എൻജിനീയർമാർ ജോലി നോക്കുന്നു. ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളിലും എല്ലാം തന്നെ മുകളിൽ കാണിച്ച ഡിപ്പാർട്ട്മെന്റുകളിൽ കാർഷക എൻജിനീയർമാരാണ് സേവനമനുഷ്ഠിക്കുന്നത്.

എന്നാൽ നമ്മുടെ കൃഷി വകുപ്പ് പ്രധാനമായും സയൻസ് ആണ് പ്രാമുഖ്യം കൊടുക്കുന്നത്. കാർഷിക മേഖലയുടെ ഉന്നമനത്തിനും അടിസ്ഥാനസൗകര്യങ്ങൾക്കും വികസനത്തിനും യന്ത്രവൽക്കരണത്തിനും വളരെ പ്രധാനപ്പെട്ടത് എൻജിനീയറിങ് ആണ് . എല്ലാ പഞ്ചായത്തുകളിലും ഒരു കൃഷി ഓഫീസർ ഇരിക്കെ ഒരു ജില്ലയിൽ വെറും മൂന്ന് അഗ്രി എഞ്ചിനീയേഴ്സ് ആണ് ഉള്ളത്. ഇത് അഗ്രി സയൻസ് ബിരുദധാരികളുടെ 5 ശതമാനത്തിൽ താഴെ മാത്രമേയുള്ളൂ, ഇത്രയും പരിമിതമായ തസ്തികകൾ കൊണ്ട് ഒരു ജില്ലയിലെ ആവശ്യമായ കാർഷിക എൻജിനീയറിങ് ജോലികൾ എങ്ങനെയാണ് ചെയ്യാൻ സാധിക്കുന്നത് ? കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പറ്റുന്നവരെ മാറ്റിനിർത്തി ജനങ്ങളെയും ഞങ്ങളെയും പറ്റിച്ചു കൊണ്ടിരിക്കുകയാണ് നമ്മയുടെ മുഖംമൂടിയണിഞ്ഞ പലരും.

ഒരു സോയിൽ കൺസർവേഷൻ ഓഫീസറുടെ ചുമതല എന്നത് മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ പ്ലാനിങ്, പ്രോജക്ട് തയ്യാറാക്കൽ, എക്സിക്യൂഷൻ ,ബണ്ട്, ടെറസ്സുകൾ ,ചെക്ക് ഡാമുകൾ ,VCB എന്നിങ്ങനെയുള്ള വിവിധ നിർമിതി പ്രവർത്തനങ്ങൾ ആണ്.

ഈ തസ്തികയുടെ സിലബസ് ബിടെക് അഗ്രികൾച്ചറിറ്റേതാണ്, എന്നാൽ യോഗ്യത ബിഎസ്സി അഗ്രികൾച്ചർനും. നാലുവർഷംകൊണ്ട് Soil and water conservation എന്നൊരു മെയിൻ കോഴ്സ്, 23 ക്രെഡിറ്റ് അവേഴ്സിൽ 13 തിയറിയും 10 പ്രാക്ടിക്കലും ഉള്ള ബിടെക് അഗ്രികൾച്ചറൽ എൻജിനീയറിനേക്കാൾ എന്ത് വിദ്യാഭ്യാസ യോഗ്യതയാണ് വെറും ആറുമാസം മാത്രം 2 ക്രെഡിറ്റ് അവേഴ്സിൽ ഒരു തിയറിയും ഒരു പ്രാക്ടിക്കലുമായ fundamentals of soil and water conservation പഠിച്ചിറങ്ങുന്ന ബിഎസി അഗ്രി കാരന് ഉള്ളത്?

ഇതുപോലെ എന്തെല്ലാം അവഗണനകൾ ഞങ്ങൾ ഏറ്റുവാങ്ങി കൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ കാർഷിക മേഖലയുടെ നിലനിൽപ്പിന് യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണ് എന്ന തിരിച്ചറിവിൻറെ ഭാഗമായി യന്ത്രവൽക്കരണത്തിന് ആക്കം കൂട്ടാനായി അഗ്രീൻ മെക്കനൈസേഷൻ രൂപം കൊടുത്തു കൊണ്ടിരിക്കുന്നത്. അത് മാത്രമല്ല KAMCO, RAIDCO, KAICO മുതലായ കോർപ്പറേഷനുകളുടെ എല്ലാം ഉദ്ദേശം ഇതുതന്നെയാണ്. അവിടെയും കൃഷിക്ക് ഉപയോഗിക്കുന്ന യന്ത്രങ്ങളെയും അനുബന്ധ വിഷയങ്ങളെയും കുറിച്ച് വ്യക്തമായി പഠിച്ചിറങ്ങുന്ന ഞങ്ങളെക്കാൾ യോഗ്യത മറ്റു പല വിഭാഗക്കാർക്കും കൊടുത്തുകൊണ്ടിരിക്കുകയാണ്. പഠനത്തോടൊപ്പം 10 വർഷത്തെ എക്സ്പീരിയൻസ് ഉണ്ടെങ്കിൽ മാത്രം ബിടെക്കിനൊപ്പം ഇക്വലൻസി ഉള്ള ഡിപ്ലോമ കോഴ്സ്കാരന് പോലും കേരളത്തിൽ പഠിച്ച് ഇറങ്ങിയാൽ ഉടൻ തന്നെ ഞങ്ങൾക്കൊപ്പം ഞങ്ങൾക്ക് തുല്യമായ പോസ്റ്റുകളിലേക്ക് വിളിക്കുന്നുണ്ട് . ചിലപ്പോഴൊക്കെ ഞങ്ങൾക്ക് അവകാശപ്പെട്ട പോസ്റ്റിലേക്ക് പോലും ഞങ്ങളെ ഒഴിവാക്കി മറ്റുള്ളവരെ ക്ഷണിക്കുന്നു.



എല്ലാ തരത്തിലും ഞങ്ങളെ മറ്റു പല വിഭാഗങ്ങളും മാറ്റി നിർത്തുന്നതും ഞങ്ങളുടെ സ്ഥാനമാനങ്ങൾ തട്ടിയെടുക്കപ്പെടുന്നതും മറ്റുള്ളവരെ പോലെ ഞങ്ങൾക്കായി സംസാരിക്കാനും പ്രവർത്തിക്കാനും ഈ സംസ്ഥാനത്ത് ഒരു അഗ്രികൾച്ചർ എൻജിനീയറിങ് ഡിപ്പാർട്ട്മെൻറ് ഇല്ലാത്തതു കൊണ്ട് തന്നെയാണ്.

ഈ സംസ്ഥാനത്തിന്റെ ഉയർന്ന തലങ്ങളിൽ പല വട്ടവും ഈ വിഷയങ്ങളെ ഞങ്ങൾ അവതരിപ്പിച്ചെങ്കിലും അവരിൽ പലരും വാഗ്ദാനങ്ങൾ തന്നു ; അതെ ഇന്നത്തെ കാലത്ത് വെള്ളത്തിൽ വരച്ച വരക്ക് തുല്യമായ വാഗ്ദാനങ്ങൾ, ചിലർക്ക് അന്നും ഇന്നും മൗനം മാത്രം.

കോളേജിനും കോഴ്സിനും വേണ്ടി ഇനിയെങ്കിലും ഞങ്ങൾ ശബ്ദം ഉയർത്തിയില്ലെങ്കിൽ കൃഷിയെ പോലെ ഇല്ലാതാകുന്ന ഒരു വിഭാഗമായി പോകും. നിങ്ങളെല്ലാം ഒന്നോർക്കുക.......

ഞങ്ങളും കേരളത്തിലെ കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു സർക്കാർ കോളേജിൽ നിന്നുമുള്ള വിദ്യാർത്ഥികളാണ്, ഉദ്യോഗാർത്ഥികളാണ്. ഇവിടത്തെ അവഗണനയും , നിലനിൽപ്പും പ്രശ്നമാകുമ്പോൾ മറ്റിടങ്ങളിലേക്ക് മാറിപ്പോകുമ്പോൾ കേരളത്തിന് നഷ്ടപ്പെടുന്നത് ഞങ്ങളെ മാത്രമല്ല മറിച്ച് കേരള കാർഷിക ഭാവിയെ കൂടിയാണ്. ഇതാരെയും കുറ്റപ്പെടുത്തലോ തരം താഴ്ത്തലോ അല്ല മറിച്ച് ഒരു ന്യൂനപക്ഷ സമൂഹത്തിൻറെ ശബ്ദമാണ്.

**Ashtami Dev**
**37th Batch**

# సేంద్రీయ వ్యవసాయంలో వర్మికంపోస్ట్ తయారి మరియు లాభాలు

**Mahesh Babu**
**PhD( FMPE)**

విచక్షణా రహితంగా రసాయన ఎరువులను వాడటం వలన భూమిలో ఉన్న జీవరాసుల సమతుల్యత దెబ్బతిని భూములు నిస్సారమై ఉత్పాదక శక్తి క్షీణిస్తోంది. రైతులు సులభంగా లభ్యమయ్యే నత్రజని ఎరువులను ఎక్కువగా వాడటం వల్ల మొక్కల శాఖీయ భాగాలు బాగా ఎదిగి అనేక రకాల చీడపీడల బారినపడి పంటలలో నష్టాలను చవి చూస్తున్నారు. ఈ నేపథ్యంలో రైతులు భూసారాన్ని పరిరక్షించడం కోసం, తక్కువ ఖర్చుతో అన్ని పోషకాలను మొక్కకు అందించి ప్రామాణిక దిగుబడిని పొందడానికి గాను సేంద్రీయ ఎరువులను విస్తృతంగా వినియోగించాల్సిన అవసరం ఎంతో ఉంది. అటువంటి సేంద్రీయ ఎరువులలో ముఖ్యమైనది 'వర్మికంపోస్ట్' వానపాము లేదా ఎర్రల సంతతిని వృద్ధి చేయడాన్ని 'వర్మికల్చర్' అని ఈ వానపాములు వ్యర్థ పదార్థాలను ఆహారంగా తీసుకొని విసర్జించిన పదార్థాలను వర్మికాస్టింగ్ అని వీటి ద్వారా తయారైన ఎరువును 'వర్మికంపోస్ట్' అని అంటారు.

వానపాములు నేల ఆరోగ్యాన్ని కాపాడడంలో ముఖ్యపాత్ర వహిస్తాయని ప్రఖ్యాత శాస్త్రవేత్త చార్లెస్ డార్విన్ మొట్టమొదటిగా 1881లో ప్రపంచానికి తెలియజేశారు.

**వర్మికంపోస్టుకు అవసరమైనవి :**

వానపాములు : వానపాములు వెన్నెముక లేని జీవులు. ఇందులో 3600 రకాలు ఉన్నాయి. వీటిలో సగం మాత్రమే ప్రపంచ వ్యాప్తంగా వ్యాపించి ఉన్నాయి. వీటిలో ముఖ్యంగా రెండు రకాలుగా చెప్పుకోదగ్గవి.



**1. బరోయింగ్ అనగా బొరియలు చేయు రకము :** నేలను గుల్ల చేసి భూమి లోపలి పొరలలో ఉంటుంది. మన దేశంలో ఈ రకమే ఎక్కువగా ఉంది. నీటి ఎద్దడిని బాగా తట్టుకొని 90% మట్టిని 10% వ్యర్థపదార్థాలను ఆహారంగా తీసుకుంటుంది. 8 నుండి 10 అంగుళాల పొడవు ఉండి సుమారు 15 సంవత్సరాలు జీవిస్తుంది. అయితే ఈ రకం వానపాము వర్మి కంపోస్ట్ తయారీకి అంతగా పనికి రాదు.





ఉదా: ఫెరిటిమా ఏసియాటిక్

**2. నాన్ బరోయింగ్ అనగా బొరియలు చేయని రకము** : భూమిపై పొరలలో ఉంటూ బొరియలు చేయని రకము. ఇది వర్మి కంపోస్ట్ తయారీకి బాగా అనుకూలంగా ఉండి మట్టిలో గల సేంద్రీయ పదార్థాలను తునాతునకలు



చేసి జీవన ఎరువును తయారు చేస్తాయి. ఇవి 90% వ్యర్థపదార్థాలను 10% మట్టిని ఆహారంగా తీసుకొని నాణ్యమైన కంపోస్ట్‌గా మారుస్తాయి. వీటిలో పునరుత్పత్తి శక్తి ఎక్కువ. కనుక రైతులు ఇటువంటి రకాలను ఎన్నుకోవడం మంచిది. వీటిలో జీవిత కాలము సుమారు రెండున్నర సంవత్సరాలు.

ఉదా: ఐసీనియా ఫోయిటిడ, యుడ్రినస్ యుజిని, పెరియానిక్స్ ఎక్సవేటస్ మున్నగునవి.

